# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ ടി.എസ്.ആർ (എം1) 324 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 11/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)റീജ്യണൽ ജോയിന്റ് ഡയറക്ടർ,, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
3)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ ടി.എസ്.ആർ (എം1) 324 /2022 തീയ്യതി: 11/05/2022

## തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 86 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 69 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാജി.കെ | ജോയിന്റ് ഡയറക്ടർ | 13-01-2022 | 02-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-01-2022 | 02-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ശിവൻ പി എ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ബിത ടി എസ് ,ഓഡിറ്റ് ഓഫീസർ (13.01.2022മുതൽ 17.01.2022വരെ,25.01.2022മുതൽ 02.02.2022വരെ)

ശ്രീമതി സീനത്ത് പി എ ,ഓഡിറ്റ് ഓഫീസർ

ശ്രീ നിർമ്മൽ കെ ജി ,ഓഡിറ്റ് ഓഫീസർ

ശ്രീ സുനിൽകുമാർ കെ സി,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി വിദ്യ ഒ കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി രേഖ ഇ സി,ഓഡിറ്റർ

ശ്രീമതി ബിന്ദു കെ എസ്,ഓഡിറ്റർ(13.01.2022മുതൽ 04.02.2022വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ആർ.ജൈത്രൻ | ചെയർമാൻ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.കെ.സുജിത്ത് | മുനിസിപ്പൽ സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.സി.എസ്.പ്രകാശൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.കെ.വി.ഗോപാലകൃഷ്ണൻ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.റോഷ്.ടി.വി | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2019 | 31-03-2020 |
| ഡോ.വിധു വർമ്മ | സീനിയർ മെഡിക്കൽ ഓഫീസർ,മേത്തല | 01-04-2019 | 04-05-2019 |
| ഡോ.ദീപ.ആർ | സീനിയർ മെഡിക്കൽ ഓഫീസർ,മേത്തല | 05-05-2019 | 31-03-2020 |
| ഡോ.ബീന.ജെ.എൻ | വെറ്ററിനറി സർജൻ | 01-04-2019 | 02-10-2019 |
| ഡോ.ഇന്ദു.എസ്.നമ്പൂതിരി | വെറ്ററിനറി സർജൻ | 03-10-2019 | 31-03-2020 |
| ശ്രീമതി.രാജശ്രീ.വി.കെ | ഹെഡ്മിസ്ട്രസ്, ജി.എച്ച്.എസ്.പുല്ലൂറ്റ് | 01-04-2019 | 31-05-2019 |
| ശ്രീമതി.റുക്കിയ | ഹെഡ്മിസ്ട്രസ്, ജി.എച്ച്.എസ്.പുല്ലൂറ്റ് | 01-06-2019 | 31-03-2020 |
| ശ്രീമതി.സിന്ധു.പി.പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.സുധീർകുമാർ.കെ.പി | സീനിയർ മെഡിക്കൽ ഓഫീസർ,പുല്ലൂറ്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ജിനി.പി.ജി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 05-08-2019 |
| ശ്രീ.ക.പി.അജിത്ത് കുമാർ | വ്യവസായ വികസന ഓഫീസർ | 06-08-2019 | 19-09-2019 |
| ശ്രീ.സതീഷ്.ഇ.കെ | വ്യവസായ വികസന ഓഫീസർ(ഇൻചാർജ്ജ്) | 20-09-2019 | 26-12-2019 |
| ശ്രീ.സെബാസ്റ്റ്യൻ ഡൊമനിക്ക് | വ്യവസായ വികസന ഓഫീസർ | 27-12-2019 | 31-03-2020 |
| ഡോ.മനീഷ | ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഡിസ്പൻസറി,മേത്തല | | |
| ശ്രീമതി.സൈറാബാനു | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഗായത്രി | മെഡിക്കൽ ഓഫീസർ എഫ്..എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി.മേരി.എൻ.ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സീനത്ത് | ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ്.ജി.എച്ച്.എസ്.എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.സുകന്യ.എൻ.എസ്. | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീ.അരുൺ.ആർ.എസ്. | പട്ടിക ജാതി വികസന ഓഫീസർ | 01-06-2019 | 19-10-2019 |
| ശ്രീ.ഗിരീഷ് കുമാർ.പി | പട്ടിക ജാതി വികസന ഓഫീസർ | 20-10-2019 | 23-11-2019 |
| ശ്രീ.ശരത്ത്.ടി.വി | പട്ടിക ജാതി വികസന ഓഫീസർ | 24-11-2019 | 12-02-2020 |
| ശ്രീ.സന്തോഷ് | പട്ടിക ജാതി വികസന ഓഫീസർ | 13-02-2020 | 31-03-2020 |
| ശ്രീ.കെ.വി.ഗോപാലകൃഷ്ണൻ | പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2019 | 31-03-2020 |
| ശ്രീമതി. ആശ ആനന്ദ്.സി | പ്രിൻസിപ്പൽ, ഗവ.ഗേൾസ് എച്ച്.എച്ച്.എസ്, കൊടുങ്ങല്ലൂർ | 01-04-2019 | 31-03-2020 |
| ശ്രീമതി. മോഹിനി പി.കെ | പ്രിൻസിപ്പാൾ, പി.ബി എം.ജി.എച്ച്.എസ്.എസ് ശൃംഗപുരം. | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 11-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: P.A.Seenath (Audit Officer, On 09-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-9 |
| 10 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-10 |
| 11 | വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-11 |
| 12 | വരവ് തുകകളുടെ ഡിമാന്റ് രജിസ്റ്റർ -വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-12 |
| 13 | മുൻകൂർ ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-13 |
| 14 | Prior Period Item- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-14 |
| 15 | ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-15 |

| | | |
|---|---|---|
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-16 |
| 17 | ഡിപ്രിസിയേഷൻ - വൗച്ചർ ഹാജരാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-17 |
| 18 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-18 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-19 |
| 20 | മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-20 |
| 21 | ഗ്രാന്റ് ബാധ്യത തുകക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ട് നിക്ഷേപങ്ങൾ കാണുന്നില്ല<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-21 |
| 22 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ്:- ലഭ്യമായ തുക ചെലവഴിക്കാതെ കിടക്കുന്നു<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-22 |
| 23 | റീ കൺസിലിയേഷൻ പത്രിക:- ശീർഷകത്തിൽ തെറ്റായി വർഷം രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-23 |
| 24 | വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ<br>Written By: Nirmal K G (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-24 |
| 25 | Capital Work In Progress-വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-25 |
| 26 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-26 |
| 27 | കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 30-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-27 |
| 28 | ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ - ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-28 |
| 29 | രശീതി പരിശോധനയിലെ അപാകതകൾ<br>Written By: Bindhu (Auditor, On 07-02-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 1-29 |
| 30 | പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ രജിസ്ട്രേഷൻ ഫീ -ഫയലുകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-30 |
| 31 | D & O ലൈസൻസ്<br>Written By: REKHA E.C. (Auditor, On 11-02-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: P.A.Pravida (Audit Officer, On 05-05-2022) | |
| 32 | വാടകയ്ക്ക് നൽകിയ 133 മുറികളിൽ ഡി ആൻഡ് ഒ ലൈസൻസ് എടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 11-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-32 |
| 33 | ലേലം ഫയൽ ലഭ്യമാക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 08-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-33 |
| 34 | കോൺഫറൻസ് ഹാൾ /കമ്മ്യൂണിറ്റി ഹാൾ വാടക<br>Written By: REKHA E.C. (Auditor, On 08-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-34 |
| 35 | അനധികൃത നിർമ്മാണം സംബന്ധിച്ച് അറിയിപ്പ് നൽകിയ കെട്ടിടങ്ങൾ യു.എ. രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 16-02-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 1-35 |
| 36 | അനധികൃത കെട്ടിടം ക്രമവത്കരണം - യു.എ. ടാക്സ് ഈടാക്കിയതിൽ കുറവ് വന്ന തുക 10,35,508/- രൂപ ഈടാക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 16-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-36 |
| 37 | Craft Hospital - നിലവിലുള്ള കെടിടങ്ങളുടെ അസസ്മെന്റ് വിവരങ്ങൾ, പ്ലിന്ത് വിസ്തീർണം ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 16-02-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 1-37 |
| 38 | നിലം നികത്ത് ഭൂമിയിലെ അനധികൃത കെട്ടിടം ക്രമവൽക്കരിച്ച<br>Written By: Vidhya O.K (Senior Grade Auditor, On 16-02-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 1-38 |
| 39 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി<br>Written By: SunilKumar K C (Asst. Audit Officer, On 03-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-39 |
| 40 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 361511 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 07-02-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 1-40 |
| 41 | ലോഗ് ബുക്ക് - വാഹന പരിപാലനം - അപാകതകൾ<br>Written By: REKHA E.C. (Auditor, On 08-02-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 1-41 |
| 42 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 290748 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 08-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-42 |
| 43 | കെൽട്രോണിൽ നിന്നും ഇൻവോയ്സ് ഹാജരാക്കുന്നതുവരെ 3,35,797/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 12-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-43 |
| 44 | പ്രൊജക്ട് ഫയലുകൾ, അനുബന്ധ ചെലവ് രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- ചെലവ് തുക 8,52,900/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Bita.T.S (Audit Officer (HG), On 13-02-2022)<br>Last Updated By: K.Shaji (Joint Director, On 11-05-2022) | 1-44 |
| 45 | അഡ്വാൻസ് അനുവദിക്കൽ, ക്രമീകരണം - അപാകതകൾ<br>Written By: Bita.T.S (Audit Officer (HG), On 06-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 1-45 |

| | | |
|---|---|---|
| 46 | പരസ്യ നികുതി - ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 07-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-46 |
| 47 | തെങ്ങിന് ജൈവവളം - സബ്സിഡി അധികം നൽകി<br>Written By: P.A.Seenath (Audit Officer, On 07-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-47 |
| 48 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 02-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-48 |
| 49 | സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. HRA -2% നഗരസഭയിൽ അടവാക്കിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 10-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-49 |
| 50 | തൊഴിൽരഹിത വേതനം - അകിറ്റൻസ് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 10-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-50 |
| 51 | കുഴിച്ചെടുത്ത മണ്ണ് പൂർണമായി ഫില്ലിങിന് ഉപയോഗിക്കാതെ പുറമെ നിന്ന് മണ്ണ് കൊണ്ടുവന്ന് ഫിൽ ചെയ്തത് മൂലം നഷ്ടം 8099 രൂപ<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-51 |
| 52 | തിരുവഞ്ചിക്കളം വാരിയം പറമ്പ് റോഡിൽ പുതിയ ഡ്രൈനേജ് നിർമാണം- അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-52 |
| 53 | ശാസ്താംപറമ്പ് അമ്പലം തെക്ക് കാന നീട്ടൽ അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-53 |
| 54 | എക്സസ് കോസ്റ്റ് ഓഫ് ബിറ്റുമിൻ തുക അനുവദിച്ചത്-പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ ഹാജരാക്കിയിട്ടില്ല:- 11,59,466/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-54 |
| 55 | ആറുകണ്ടം എസ്.സി. കോളനി ചിറകെട്ടി വെള്ളക്കെട്ടിൽ നിന്നും സംരക്ഷിക്കൽ- കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-55 |
| 56 | സാധനസാമഗ്രികളുടെ ഗുണനിലവാരപരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-56 |
| 57 | ഗവ. ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ<br>Written By: REKHA E.C. (Auditor, On 07-02-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-57 |

| | | |
|---|---|---|
| 58 | സ്വകാര്യവ്യക്തിയുടെ സ്ഥലം നഗരസഭ ആസ്തിയായി ഏറ്റെടുക്കാൻ തീരുമാനിക്കും മുൻപ് തന്നെ അവിടെ കാന സംരക്ഷണഭിത്തി എന്നിവ നിർമിക്കുന്ന പണി ആവിഷ്കരിച്ച് നടപ്പിലാക്കി<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-58 |
| 59 | മുനിസിപ്പൽ എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: P.A.Sivan (Audit Officer, On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-59 |
| 60 | ഷീ ടോയ്‌ലറ്റ്<br>Written By: Bita.T.S (Audit Officer (HG), On 09-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 1-60 |
| | ഭാഗം **2** | |
| 1 | അനധികൃത കെട്ടിടം ക്രമവത്കരണം - യു.എ. ടാക്സ് ഈടാക്കിയതിൽ കുറവ് വന്ന തുക 10,35,508/- രൂപ ഈടാക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 10-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 2-1 |
| | ഭാഗം **3** | |
| 1 | തെങ്ങിന് ജൈവവളം - സബ്സിഡി ഇനത്തിൽ അധികം നൽകിയ തുക നിരാകരിക്കുന്നു<br>Written By: P.A.Sivan (Audit Officer, On 11-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 3-1 |
| 2 | കുഴിച്ചെടുത്ത മണ്ണ് പൂർണമായി ഫില്ലിങിന് ഉപയോഗിക്കാതെ പുറമെ നിന്ന് മണ്ണ് കൊണ്ടുവന്ന് ഫിൽ ചെയ്തത് മൂലം നഷ്ടം 8099 രൂപ<br>Written By: P.A.Sivan (Audit Officer, On 11-03-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 05-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-04-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.A.Sivan (Audit Officer, On 27-01-2022)<br>Last Updated By: P.A.Pravida (Audit Officer, On 04-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 08.02.2019, തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 103,72,37,380 | 104,64,95,669 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 30.03.2020, തീരുമാനം 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 74,71,38,994 | 74,52,06,198 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിച്ച് സമർപ്പിച്ച തീയതി |
|---|---|---|
| 31.07.2019 | 26.08.2020 | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6,57,62,136.98 |
| വരവ് | 42,46,17,923.00 |
| ആകെ | 49,03,80,059.98 |
| ചെലവ് | 43,44,96,017.00 |
| നീക്കിയിരിപ്പ് | 5,58,84,042.98 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 6,48,58,210 | 6,48,58,210 | 5,24,36,486 | 1,24,21,724 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2,59,70,000 | 2,59,70,000 | 1,20,29,104 | 1,39,40,896 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3,00,06,000 | 3,00,06,000 | 1,19,17,726 | 1,80,88,274 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 1,73,06,000 | 1,73,06,000 | 89,56,296 | 83,49,704 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Basic) | 0 | 9,89,80,000 | 9,89,80,000 | 4,03,78,363 | 5,86,01,637 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Tied) | 0 | 52,98,800 | 52,98,800 | 0 | 52,98,800 |

CFC (Basic) ചെലവ് വാർഷിക കണക്ക് പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 578 | 33,87,04,730 | 99 | 12,92,07,611 | 152 | 327 | 38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 36,77,864 | 5,82,189 | 42,60,053 | 42,40,549 | 19,504 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 38,03,316 | 38,03,316 | 38,03,316 | |

ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ്ബുക്ക് പ്രകാരമുള്ള ചെലവാണ് എടുത്തിട്ടുള്ളത്.

## 1-7 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 86,280 | വിവരം ലഭ്യമാക്കിയിട്ടില്ല |
| കർഷകതൊഴിലാളി പെൻഷൻ | 20,87,400 | 82 |
| വിധവാപെൻഷൻ | 14,68,62,000 | 532 |
| വാർദ്ധക്യകാല പെൻഷൻ | 3,09,81,300 | 592 |
| വികലാംഗ പെൻഷൻ | 43,04,800 | 86 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9,53,400 | 16 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 1,80,000 | 6 |

| വിവാഹധനസഹായം | | |
|---|---|---|

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2022 ന് 3 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37418/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2014-15 | 05.01.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.08.19 | 2017-18 & 2018-19 | 19.10.2019 |

## 1-10 വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

### 1.1. തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,58,67,862 | 97,73,774 | 66,849 | 61,63,065 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2,88,34,800 | 2,32,76,281 | 0 | *55,58,519 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | ( 350410101- Advance Collection- PT -ന്റെ ലെഡ്ജർ) | *(58,36,445 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

### 1.2. കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,64,66,420 | 61,88,379 | 1,04,73,152 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *82,25,341 | 59,84,510 | **22,49,803 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (86,36,608/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (23,62,294/105X100) |

1.3. ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 802500 | 844496 | 1646996 | 491459 | 311127 | 802586 | 3270 | - | 312868 | 540932 | 853800* |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1441740 | | | 1519870 | | | - | - | 307954 | | |
| | 431910100-State Govt. Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-29 (വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

*"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തന്നെ ലൈബ്രറി സെസ്സ് പൊരുത്തപ്പെടുന്നില്ല.

1.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ: 1.1, 1.2, 1.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

## 1-11 വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2019ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 ലെ “110010100-Property Tax (General) ” എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ് (വർഷാരംഭത്തിൽ 01.04.19 തീയതിയിൽ) ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 വരവ് തുകകളുടെ ഡിമാന്റ് രജിസ്റ്റർ -വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 54(3)(എച്ച്). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാടക ടൗൺ ഹാൾ, സ്റ്റേഡിയം, കോൺഫ്രൻസ് ഹാൾ, ഡിമാന്റ് രജിസ്റ്റർ

2. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ

3. വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ

## 1-13 മുൻകൂർ ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | വസ്തു നികുതി | 350410101-Advance Collection Of Revenues-Property Tax | 4113 |
| 2 | മറ്റ് വരുമാനം | 350419900-Advance Collection Of Revenues-Other Revenues | 596785 |
| 3 | വാടക | 350410401- Advance Collection Of Revenues-Rent From Civic Aminities | 24824 |
| 4 | തൊഴിൽ നികുതി | 350410102- Advance Collection Of Revenues-Profession Tax | 2500 |

## 1-14 Prior Period Item- വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280209900-Prior Period Income -Other Income | 1810000 |
| 280800300-Prior Period Operation And Maintanance Expense | (208129) |
| 280800200-Prior Period -Administrative Expenses | (3384639) |

## 1-15 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. ജേണൽ ബുക്ക് പ്രകാരമുള്ള എൻട്രികൾക്കൊന്നും ആധികാരിക വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

## 1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-17 ഡിപ്രിസിയേഷൻ - വൗച്ചർ ഹാജരാക്കിയിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ 1-17(a) പ്രകാരം (സംക്ഷിപ്തം) ആസ്തികൾക്ക് 2,73,25,186/- രൂപയുടെ തേയ്മാന ചെലവ് കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ഷെഡ്യൂൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-18 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 36,95,754/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് മൂല്യം കണക്കാക്കി, സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഏതിനത്തിന്റെ സ്റ്റോക്ക് ആണെന്ന് വ്യക്തമല്ല.

## 1-19 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുകകൾ തിരിച്ചുനല്കുന്നത് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടോ എന്നും 1/4/19 ലെ മുൻബാക്കി തുകകൾ ആരിൽ നിന്നും, ഏത് തീയതിയിൽ സ്വീകരിച്ചതാണെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-20 മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങൾ പ്രകാരമുള്ള മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നിരീക്ഷിക്കുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ശീർഷകം | ബാലൻസ്ഷീറ്റ് പ്രകാരം 31/3/20 ലെ നീക്കിയിരിപ്പ് |
|---|---|
| 460100500- Standing Advance | 40,001 |
| 460509909-Advance To Others | 3,73,177 |
| 460600300-Water Deposit | 86,000 |
| 460600100-Electricity Deposit | 11,88,046 |

## 1-21 ഗ്രാന്റ് ബാധ്യത തുകക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ട് നിക്ഷേപങ്ങൾ കാണുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ അപൂർണം, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല)

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 |
|---|---|

| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1. | 311700100 | Pension Fund For Contingent Staff | 79,68,636 |
| 2. | 320100100 | Grants And Contribution For Specific Purpose | 1,59,14,406 |
| 3. | 320300100 | Other Government Agencies | 65,53,151 |
| 4. | 320801000 | Beneficiary Contribution | 24,24,865 |

## 1-22 പ്രത്യേകോദ്ദേശ്യ ഗ്രാന്റ്:- ലഭ്യമായ തുക ചെലവഴിക്കാതെ കിടക്കുന്നു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ താഴെ പറയുന്ന തുകകൾ മുൻ വർഷങ്ങളിൽ ലഭ്യമായ തുകകളാണ്. ആയത് നാളിതുവരെ ചെലവഴിക്കാതെ കിടക്കുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| Head | Date | Amnt | Ch.no. | Purpose | Bank |
|---|---|---|---|---|---|
| 320200202 | 16.03.2017 | 500000 | 4411/ 16.03.17 | Grant For Construction Of KDLR Methala ICDP Sub Centre. | ST,KDLR, A/c.no. 723031400000002 |
| 320200209 | 05.05.2018 | 1810000 | 883836/ 05.05.2018 | RMSA Fund For Construction Of School Building | Own Fund |

## 1-23 റീ കൺസിലിയേഷൻ പത്രിക:- ശീർഷകത്തിൽ തെറ്റായി വർഷം രേഖപ്പെടുത്തിയിരിക്കുന്നു

2020 ലെ റീകൺസിലിയേഷൻ പത്രികകളുടെ ശീർഷകത്തിൽ തെറ്റായി വർഷം 2019 എന്ന് രേഖപ്പെടുത്തി കാണുന്നു. ഈ സാങ്കേതിക തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ

സാംഖ്യ സോഫ്റ്റ്‌വെയറിൽ കണക്കുകൾ തയ്യാറാക്കുന്നതെങ്കിലും സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പരുകൾ മാന്വൽ ആയി വൗച്ചറുകളിൽ നമ്പർ ചേർക്കുന്നു. ക്യാഷ്ബുക്ക്, ബാങ്ക് ബുക്കിൽ ഉള്ള പേയ്മെന്റ് വൗച്ചർ നമ്പർ അല്ല വൗച്ചറുകളിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളുടെ വൗച്ചറുകളും ക്രമമായി സൂക്ഷിക്കണമെന്നിരിക്കെ തനത് ഫണ്ടിന്റെ വൗച്ചറുകൾ മാത്രം ക്രമമായി സൂക്ഷിച്ചിരിക്കുന്നു. വൗച്ചറുകൾ ഏതു ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന Payment Voucher പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുമില്ല. മാന്വൽ ക്യാഷ് ബുക്ക് സൂക്ഷിക്കുകയും പിന്നീട് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്തു വരുന്നത്. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-25 Capital Work In Progress-വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B11 പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1,42,01,345/- രൂപയാണ്. (4,19,733 + 1,29,58,384 + 8,23,228) ആയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-26 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തിയ താഴെ ചേർത്തിരിക്കുന്ന തുകകൾക്ക് (മുൻകൂർ ക്രമീകരിച്ചത്) വൗച്ചർ/രേഖകൾ ഹാജരാക്കിയിട്ടില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| Rent From Shopping Complex | 48,32,832 | 44,35,928 | 89,558 | - | 3,07,346 |
| Rent From Shopping Complex(arrear) | 1,36,833 | 52,883 | 51,580 | - | 32,370 |

## 1-27 കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| Public Sanitation Charge | 2,01,700 | 1,34,467 | 2,01,700 |
| Market Fees | 12,65,000 | 8,00,000 | 12,00,000 |
| Busstand Fees | 12,24,251 | 8,16,168 | 12,24,251 |
| Rent From Lease Of Land | 30,000 | 30,000 | രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല |

## 1-28 ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ - ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീ ഇനത്തിൽ തൻവർഷം 1400 രൂപയുടെ വരവുണ്ട്. എന്നാൽ ഈ ഇനത്തിലെ വരവ് പരിശോധിക്കാൻ ആവശ്യമായ രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ഇനം | തുക |
|---|---|
| ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീ | 1400 |

ആയതിനാൽ, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മേൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ: 38 / തീ. 27.1.22) മറുപടിയായി ലഡ്ജർ മാത്രമാണ് ലഭ്യമാക്കിയത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ എന്നിവ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-29 രശീതി പരിശോധനയിലെ അപാകതകൾ

കൃഷി ഓഫീസർ മുഖേന നൽകിയ രശീതി ബുക്ക് 858, രശീതി നമ്പർ 42893 തീയതി. 19.03.20 പ്രകാരം 2 യൂണിറ്റ് ഫലവൃക്ഷതൈയ്ക്ക് 400/- രൂപയാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ കളക്ഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്നത് 1 യൂണിറ്റ് ഫലവൃക്ഷ തൈയ്ക്ക് 200/- രൂപ എന്നാണ്. രശീതിയിലുള്ള തുകയല്ല കളക്ഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്നത്. രശീതിയിലെ തുകയും കളക്ഷൻ രജിസ്റ്ററിലെ എൻട്രിയും തമ്മിൽ വ്യത്യാസം വരാനുള്ള കാരണത്തിന് ഓഡിറ്റ്

എൻക്വയറി മുഖേന വിശദീകരണം ചോദിച്ചെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നമ്പർ 27/ 25.01.22). കുറവായി അടവാക്കിയ 200/- രൂപ തിരിച്ച് ഈടാക്കേണ്ടതാണ്.

## 1-30 പാരാമെഡിക്കൽ/ പ്രൈവറ്റ് ഹോസ്പിറ്റൽ രജിസ്ട്രേഷൻ ഫീ -ഫയലുകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

പ്രൈവറ്റ് ഹോസ്പിറ്റൽ & പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷൻ ഫീ ഇനത്തിൽ തൻവർഷം 9600 രൂപയുടെ വരവുണ്ട്. എന്നാൽ ഈ ഇനത്തിലെ വരവ് പരിശോധിക്കാൻ ആവശ്യമായ രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ഇനം | തുക |
|---|---|
| പ്രൈവറ്റ് ഹോസ്പിറ്റൽ & പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷൻ ഫീ | 9600 |

ആയതിനാൽ, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മേൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ: 38 / തീ. 27.1.22) മറുപടിയോടൊപ്പം ലഡ്ജർ മാത്രമാണ് ലഭ്യമാക്കിയത്. വരവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 D & O ലൈസൻസ്

I) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 447, 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുക്കാത്തതായി കാണുന്നു. നഗരസഭാ പരിധിയിൽ 32 റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. ആയതിൽ 2 എണ്ണം മാത്രമാണ് 2019-20 ൽ ലൈസൻസ് എടുത്തിരിക്കുന്നത്. റേഷൻ കടകളെ 2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം പട്ടിക-11 ലെ ക്രമ നം. 54 പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. റേഷൻ കടകളുടെ ലൈസൻസ് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 2019-20 വർഷ ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൃത്യമായ രീതിയിൽ ഫീൽഡ് പരിശോധന നടത്തി അവയുടെ വാർഡ് പ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 36 / തീ. 27.1.22 ) വിവരങ്ങൾ നൽകുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-32 വാടകയ്ക്ക് നൽകിയ 133 മുറികളിൽ ഡി ആൻഡ് ഒ ലൈസൻസ് എടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

നഗരസഭ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലായി 133 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക രജിസ്റ്ററിൽ ഈ കെട്ടിടങ്ങൾക്ക്/മുറികൾക്ക് കെട്ടിട നമ്പർ രേഖപ്പെടുത്താതെയാണ് എഴുതി സൂക്ഷിക്കുന്നത്. ആയതിനാൽ വാടകക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾ നഗരസഭയുടെ 2019-20 വർഷത്തെ ഡി ആൻഡ് ഒ ലൈസൻസ് എടുത്താണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 54 / തീ. 31.1.22 ) വിവരങ്ങൾ നൽകുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-33 ലേലം ഫയൽ ലഭ്യമാക്കേണ്ടതാണ്

2019-20 വർഷം താഴെ പറയും പ്രകാരം ലേലം ഇനത്തിൽ വരവ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഫയലും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ: 53 / 31.1.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭ്യമായ വരവ് (RP-5 പ്രകാരം) |
|---|---|---|---|
| 1. | 2019-20 | Sale Of Scrap | 7,377 |

| | | | |
|---|---|---|---|
| 2. | 2019-20 | Receipt From Auction Of Obsolete Assets | 32,796 |

## 1-34 കോൺഫറൻസ് ഹാൾ /കമ്മ്യൂണിറ്റി ഹാൾ വാടക

നഗരസഭ ഉടമസ്ഥതയിലുള്ള കോൺഫറൻസ് ഹാൾ / കമ്മ്യൂണിറ്റി ഹാളിൽ നിന്നും 2019-20 വർഷം താഴെ പറയും പ്രകാരം വാടക ഇനത്തിൽ വരവ് ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭ്യമായ വരവ് (RP-3 പ്രകാരം) |
|---|---|---|
| 1. | 2019-20 | 3,50,000 |

എന്നാൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയ വാടക രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ലാതെ എഴുതി സൂക്ഷിച്ചിരിക്കുന്നതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. രജിസ്റ്ററോടൊപ്പം അപേക്ഷ ഫയലുകളും വാടക ബൈലോയും ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വരവിന്റെ സാമ്പത്തിക വർഷാവസാനത്തിലെ സംക്ഷിപ്തമോ മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലുകളോ രജിസ്റ്ററിൽ വരുത്തിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 52 / തീ. 31.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രതിപാദിച്ച വിവരങ്ങൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-35 അനധികൃത നിർമ്മാണം സംബന്ധിച്ച് അറിയിപ്പ് നൽകിയ കെട്ടിടങ്ങൾ യു.എ. രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ സൂക്ഷിക്കുന്ന ബിൽഡിംഗ് അപേക്ഷ- യു.എ. രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണം സംബന്ധിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും റവന്യൂ ഇൻസ്പെക്ടർക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ റവന്യൂ വിഭാഗത്തിലെ യു.എ. രജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ല.

മുഖ്യ കാര്യാലയം

| ക്രമ നം | ഉടമ | വിനിയോഗം | വാർഡ് | തറ വിസ്തീർണം (ച.മീ. ൽ) | നോട്ടീസ് നൽകിയ തീയതി |
|---|---|---|---|---|---|
| 1 | ശ്രീഹരി പുല്ലാർനാട്ട് | വാണിജ്യം | VII | 20.97 | 06.01.2020 |
| 2 | അലിമൂപ്പൻ, ഒടിപ്പാട്ടിൽ മൊണ്ടയപ്പുറത്ത് | സ്റ്റോറേജ് | XIII | 44.53 | 30.11.2019 |
| 3 | ജെയിംസ് കല്ലറക്കൽ | വാണിജ്യം | XXIII | 12.26 | 24.09.2019 |

മേഖലാ കാര്യാലയം

| ക്രമ നം | ഉടമ | വിനിയോഗം | വാർഡ് | തറ വിസ്തീർണം (ച.മീ. ൽ) | നോട്ടീസ് നൽകിയ തീയതി |
|---|---|---|---|---|---|
| 1. | ഹരിദാസൻ, മുഹമ്മദ് ബഷീർ | ലൈബ്രറി | 33 | 7.74 | 8/8/19 |
| 2. | രഞ്ജിത്ത് കരിയപ്പിള്ളി | താമസം | 21 | 241.75 | 15/12/19 |

| | | | | | |
|---|---|---|---|---|---|
| 3. | ജയകുമാർ വട്ടപ്പറമ്പിൽ | താമസം | 38 | 161.90 | 10/1/20 |
| 4. | ശശി ചള്ളിയിൽ | താമസം | രേഖപ്പെടുത്തിയിട്ടില്ല | 75.50 | 20/1/20 |
| 5. | രവി, അംബിക കോതയിൽ | താമസം | 37 | 123.72 | 23/3/20 |
| 6. | ഷമീന പണിക്കവീട്ടിൽ | താമസം | XL | 168.11 | 23/3/20 |
| 7. | വിനോദ്, ദിവ്യ വിനോദ് കരാഞ്ചേരി പറമ്പിൽ | താമസം | 19 | 88.4 | 24/3/20 |
| 8. | ഓമന കാരയിൽ | താമസം | IV | 108.35 | 20/4/20 |
| 9. | ഷാജി ചാലന | താമസം | 33 | 41.66 | 22/4/20 |
| 10. | ഫക്രുദ്ദീൻ കാരയിൽ | താമസം | XL | 286.36 | 23/4/20 |
| 11. | ചന്ദ്രൻ കോഴിപ്പറമ്പിൽ | താമസം | XX | 193.40 | 28/10/20 |
| 12. | ശ്രീദേവി കൈപ്പിള്ളി | താമസം | 36 | 131.60 | 7/5/21 |

ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ ലഭിക്കുന്നതിൽ അനധികൃതമായി കെട്ടിട നിർമ്മാണം നടത്തിയ മേൽ കെട്ടിടങ്ങളെയാണ് ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ സൂക്ഷിക്കുന്ന ബിൽഡിംഗ് അപേക്ഷ യു.എ. രജിസ്റ്ററിൽ ഉൾപ്പെടുത്തി, യു.എ. അസസ്മെന്റിനുള്ള നോട്ടീസ് റവന്യൂ വിഭാഗത്തിലേക്ക് കൈമാറുന്നത് രജിസ്റ്റർ ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 34/ 29.01.2022) നൽകിയതിൽ മുഖ്യ കാര്യാലയത്തിലെ കെട്ടിടങ്ങളുടെ നികുതി നിർണയം സംബന്ധിച്ച് മറുപടി ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേഖലാ കാര്യാലയത്തിലെ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങൾ അനധികൃത നിർമ്മാണം നടത്തിയതാകയാൽ റവന്യൂ വിഭാഗത്തിലെ യു.എ. രജിസ്റ്ററിൽ, കെട്ടിടങ്ങൾ ഉൾപ്പെടുത്തേണ്ടതും നിർമ്മാണം പൂർത്തീകരിച്ച തീയതി മുതൽ യു.എ. ടാക്സ് നിർണ്ണയിക്കേണ്ടതുമാണ്.

## 1-36 അനധികൃത കെട്ടിടം ക്രമവത്കരണം - യു.എ. ടാക്സ് ഈടാക്കിയതിൽ കുറവ് വന്ന തുക 10,35,508/- രൂപ ഈടാക്കേണ്ടതാണ്

ഫയൽ നം. BA-347/12-13, R1- BA-347/12-13

മേൽ ഫയലുകൾ പ്രകാരം ക്രാഫ്റ്റ് ഹോസ്പിറ്റൽ എന്നവരുടെ ഉടമസ്ഥതയിലുള്ള അനധികൃത കെട്ടിടം 2019-20 വർഷത്തിൽ ക്രമവത്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നഗരസഭാപരിധിയിൽ ലോകമലേശ്വരം വില്ലേജിൽ വാർഡ് 8 ൽ (പുതിയ വാർഡ് 3) 124/4, 125/4,5,11, 225/6, 226/1,2,3,4, 227/2,3,4,5, 228/6 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലത്ത് ഡോ.മുഹമ്മദ് അഷ്റഫ്, ക്രാഫ്റ്റ് ഹോസ്പിറ്റൽ എന്നവരുടെ ഉടമസ്ഥതയിൽ, നഗരസഭയുടെ പെർമിറ്റ് ലഭിക്കുന്നതിന് മുമ്പ് സ്ട്രക്ചറൽ നിർമ്മാണം പൂർത്തിയാക്കിയ 10822.47 $M^2$ വിസ്തീർണമുള്ള ആശുപത്രി കെട്ടിടത്തിന് (B+G+ 7 Floor) മുനിസിപ്പൽ എഞ്ചിനീയറുടെ 22.03.2016 തീയതിയിലെ കുറിപ്പ് പ്രകാരവും സെക്രട്ടറിയുടെ 29.03.2016 ലെ നിർദ്ദേശപ്രകാരവും VIII/UA/77(6) (പുതിയ III/UA/413(2)) എന്ന് യു.എ. നമ്പർ നല്കിയിട്ടുണ്ട്.

യു.എ. ടാക്സിന്റെ വിശദാംശങ്ങൾ

അടിസ്ഥാന വസ്തുനികുതി - 10822.47 X 15= 162337/-

വർദ്ധനവ് - 35% le 56818/-

ആകെ - 219155/-

യു.എ. ടാക്സ് - 3 X 219155/- = 657465/- (2016-17 I-ാം അർദ്ധ വർഷം മുതൽ പ്രാബല്യം)

16.01.2018 ലെ WP(C) 31227/ 17(C) നം. കോടതി ഉത്തരവ് പ്രകാരം ഒരാഴ്ചക്കുള്ളിൽ പ്രൊവിഷണൽ ബിൽഡിംഗ് പെർമിറ്റ് നൽകാൻ വിധി വന്നതിനെ തുടർന്ന് 22.01.2018ൽ 10232.17ച.മീ. ൽ Hospital Cum Residentail Building (B+G+7 Floors) BA-347/12-13 തീയതി 22.01.2018 പ്രകാരം പെർമിറ്റ് നൽകി. 25.10.2019 തീയതിയിൽ കെട്ടിട ഉടമയും എഞ്ചിനീയറും കംപ്ലീഷൻ റിപ്പോർട്ട് നല്കി. 16.10.2019 തീയതിയിൽ 9 നില കെട്ടിടത്തിന് ഫയർ & റെസ്ക്യൂ വിഭാഗത്തിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. 14.11.2019 ലെ നോട്ട് ഫയൽ പ്രകാരം FAR, Coverage, Parking എന്നിവ ചട്ടലംഘനം ഇല്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ KMBR പ്രകാരമുള്ള വിശദമായ ചെക്ക് ലിസ്റ്റ് ഫയലിലില്ല. പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റ് നൽകിയ പ്ലാനിന് മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ നിന്നും ലേ ഔട്ട്- പ്ലോട്ട് യൂസേജ് ഉത്തരവ് ലഭ്യമായതിന്റെ ഉത്തരവും ഫയലിലില്ല. ആയതിനാൽ ടി കെട്ടിടത്തിന് ആവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനായിട്ടില്ല.

കംപ്ലീഷൻ പ്രകാരം 9775.54 ച.മീ. വിസ്തീർണത്തിൽ പണി കഴിഞ്ഞിട്ടുള്ള (പെർമിറ്റ് നല്കിയതിനേക്കാൾ 456.63 ച.മീ. കുറവ്) കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കാമെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 16.11.19 ൽ ഒക്യുപൻസി നൽകി. ടി കെട്ടിടങ്ങൾക്ക് III/415 A മുതൽ 415 H വരെ നമ്പറുകളിട്ട് 2019-20 II-ാം അർദ്ധവർഷം മുതൽ നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് യു.എ. ടാക്സ് 2016-17 I-ാം അർദ്ധവർഷം മുതൽ 2017-18 II-ാം അർദ്ധവർഷം വരെ മാത്രമാണ് ഈടാക്കിയത്. [യു.എ. ടാക്സ് ഈടാക്കേണ്ട കാലയളവ് സംബന്ധിച്ച് 29.03.2016 മുതൽ 22.01.2018 (പ്രോവിഷണൽ ബിൽഡിംഗ് പെർമിറ്റ് നൽകിയ തീയതി) വരെയാണ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്.]. ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ പട്ടിക- 1 ൽ ചേർത്തിട്ടുണ്ട്. കെട്ടിടം 2019-20 II-ാം അർദ്ധവർഷം മുതൽ ക്രമവത്കരിച്ചതിനാൽ 2019-20 I അർദ്ധവർഷം വരെയുള്ള അനധികൃത ടാക്സ് ഈടാക്കേണ്ടതായിരുന്നു. [പട്ടിക- 2]

കുടിശ്ശിക കണക്കാക്കിയതിന്റെ വിശദാംശങ്ങൾ (ഫയൽ പ്രകാരം)

പട്ടിക- 1

| അർദ്ധവർഷം | വസ്തുനികുതി |
|---|---|
| 2016-17 I & II | 657465/- |
| 2017-18 I & II | 657465/- |
| ആകെ വസ്തുനികുതി | 1314930/- |
| (-) അടവാക്കിയത് | 300000/- |
| ബാക്കി അടവാക്കാനുള്ള വസ്തുനികുതി | 1014930/- |
| (+) ലൈബ്രറി സെസ് (5%) | 50747/- |
| (+) പിഴ പലിശ | 420782/- |
| ബാക്കി അടവാക്കാനുള്ള തുക | 1486459/- |

ടി തുക 17119010500137/ 28.02.2020 നമ്പർ രശീതി പ്രകാരം ഒടുക്കിയിട്ടുണ്ട്.

കുറവായി ഈടാക്കിയ അനധികൃത ടാക്സിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക – 2

| അർദ്ധവർഷം | വസ്തുനികുതി |
|---|---|
| 2018-19 I & II | 657465/- |
| 2019-20 I | 328733/- |
| ആകെ വസ്തുനികുതി | 986198/- |
| (+) ലൈബ്രറി സെസ്(5%) | 49310/- |
| ആകെ | 10,35,508/- |

(ഓഡിറ്റ് എൻക്വയറി നം. 59/31.01.2022)

ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സമയപരിമിതി മൂലമാണ് വിശദമായ ചെക്ക് ലിസ്റ്റ് സമർപ്പിക്കാത്തതെന്നും കുറവ് വന്ന തുക ഒടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വിഭാഗം സ്വീകരിക്കുന്നുണ്ടെന്നുമാണ് മറുപടി അറിയിച്ചത്. ടി തുക ഒടുക്കി വിവരമറിയിക്കേണ്ടതാണ്. കൂടാതെ കെട്ടിടത്തിന് ആവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തിയതിന്റെ വിശദാംശങ്ങളും അറിയിക്കേണ്ടതാണ്. ഭരണസമിതി, ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി എന്നിവയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.

29.03.2016 ലെ ഓവർസിയറുടെ കുറിപ്പ് പ്രകാരം കെട്ടിടത്തിന് 10822.47 $M^2$ പ്ലിന്ത് വിസ്തീർണമാണുള്ളതെന്ന്

രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം 9775.54 ച.മീ. വിസ്തീർണത്തിലാണ് ഒക്യുപൻസി നൽകിയത്. സൈറ്റ് പരിശോധന നടത്തി പ്ലിന്ത് വിസ്തീർണത്തിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതും ആയതിനനുസരിച്ച് ടാക്സ് നിർണയിക്കേണ്ടതുമാണ്.

## 1-37 Craft Hospital - നിലവിലുള്ള കെടിടങ്ങളുടെ അസസ്മെന്റ് വിവരങ്ങൾ, പ്ലിന്ത് വിസ്തീർണം ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്

Craft Hospital ന് ഒക്യുപൻസി നൽകിയ കംപ്ലീഷൻ പ്ലാൻ (BA 347/12-13 Dt 16.11.2019 Plinth Area- 9775.54 $M^2$) പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾ കൂടി നിലവിലെ പ്ലോട്ടിൽ സ്ഥിതി ചെയ്യുന്നുണ്ട്.

Research Block – Old Building No. 8/77/2

Ground Floor + 6 Floors = 5224.81 $M^2$

Electrical Equipment Block – 8/77/3

Groud Floor + First Floor – 100.00 $M^2$

Villa

Groud Floor + First Floor – 153.34 $M^2$

Residential Building – 8/77/4

Groud Floor + 6 Floors – 3364.89 $M^2$

Old Hospital Building– 8/77/1

Groud Floor + 5 Floors – 1435.29 $M^2$

ടി കെട്ടിടത്തിന് ഒക്യുപൻസി നൽകിയപ്പോൾ മറ്റ് കെട്ടിടങ്ങളുടെ അസസ്മെന്റ് വിവരങ്ങൾ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ആരാഞ്ഞിട്ടില്ല. മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ അതാത് ഒക്യുപൻസി പ്രകാരമുള്ളതാണെന്നും പ്ലിന്ത് വിസ്തീർണം ശരിയാണെന്നും പരിശോധിച്ചതിന്റെ വിവരം ഫയലിലില്ല.

(ഓഡിറ്റ് എൻക്വയറി നം. 80/02.02.2022)
ഓഡിറ്റ് എൻക്വയറി നൽകിയതിന് റവന്യൂവിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ അസസ്മെന്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം (പഴയത് / പുതിയത്) | തറവിസ്തീർണം ($M^2$) | നിലകൾ | ഉപയോഗക്രമം |
|---|---|---|---|
| VIII/ 77(2) പുതിയത്- III/417 | 5428 | GF + FF + SF | ആശുപത്രി |
| VIII/ 77(3) പുതിയത്- III/416 | 152 | GF + FF | വാസഗൃഹം + ഇലക്ട്രിക്കൽ റൂം |
| VIII/ 77(4), 77(5)/UA -റദ്ദ് ചെയ്തു പുതിയത്- III/413 (A) To (G) (2021-22 II മുതൽ) | 413(A) –481.57<br>413(B)- 482.91<br>413(C)- 482.91<br>413(D)- 482.91<br>413(E)- 482.90<br>413(F)- 482.90<br>413(G)-482.90<br>--------------<br>3379<br>================ | | ആശുപത്രി<br>ആശുപത്രി – ലോഡ്ജ്<br>“<br>“<br>“<br>“<br>“ |

| | | | |
|---|---|---|---|
| VIII/ 77(1) പുതിയത്- (III/415) | 47.57 + 126.00 = 173.57 | GF + FF | വാസഗൃഹം |

റവന്യൂ വിഭാഗത്തിന്റെ അസസ്സ്മെന്റ് രജിസ്റ്റർ, സൈറ്റ് എന്നിവ പരിശോധിച്ച് ഒക്യുപൻസി, പ്ലിന്ത് വിസ്തീർണം എന്നിവ ശരിയാണെന്ന് ഉറപ്പ് വരുത്തി അറിയിക്കാമെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സൈറ്റ് പരിശോധന നടത്തി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഉറപ്പ് വരുത്തേണ്ടതും വസ്തുനികുതി അസസ്മെന്റ് കൃത്യമാക്കേണ്ടതുമാണ്.

## 1-38 നിലം നികത്ത് ഭൂമിയിലെ അനധികൃത കെട്ടിടം ക്രമവൽക്കരിച്ചു

A) ഫയൽ നം. BA-250/14-15, R1- BA-250/14-15

ഫയലുകൾ പരിശോധിച്ചതിൽ ഓറ സ്കൂൾ പ്രൈവറ്റ് ലിമിറ്റഡ് എന്നവരുടെ ഉടമസ്ഥതയിൽ ഉള്ള വിദ്യാഭ്യാസ ആവശ്യത്തിനുള്ള അനധികൃത കെട്ടിടം 2019-20 വർഷത്തിൽ ക്രമവത്കരിച്ചിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പുല്ലൂറ്റ് വില്ലേജ് 488/1, 489/2, 490/1 – സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ഗ്രൂപ്പ് B (വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടം - ഓറ സ്കൂൾസ് പ്രൈവറ്റ് ലിമിറ്റഡ്) കെട്ടിടം 3379.52 ച.മീ. വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്നതിന് 25.11.2014 ൽ അപേക്ഷ നൽകി. കെട്ടിടത്തിന്റെ തറ വിസ്തീർണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| Ground Floor | - | 1062.23 $M^2$ |
| I Floor | – | 1115.22 $M^2$ |
| II Floor | – | 1115.22 $M^2$ |
| Terraace Floor | - | 86.85 $M^2$ |
| Total | - | 3379.52 $M^2$ |

BA-250/14-15 ഫയൽ പ്രകാരം പ്ലോട്ടിലെ നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണം 2981.27 ച.മീറ്ററാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നഗരസഭയിൽ നിന്നോ ജില്ലാ ടൗൺപ്ലാനറിൽ നിന്നോ അനുമതി വാങ്ങാതെ ആദ്യ നില പണിതിട്ടുള്ളതിനാൽ നിലവിലെ കെട്ടിടം യു.എ. അസസ് ചെയ്യാൻ 02.05.2015 ൽ സെക്രട്ടറി ഉത്തരവിട്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ യു.എ. കെട്ടിട നം, തറവിസ്തീർണം എന്നിവ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. 2981.27 ച.മീറ്റർ തറവിസ്തീർണമുള്ള കെട്ടിടത്തിന് യു.എ. അസസ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. പെർമിറ്റ് ഫയലിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വിവരം റവന്യൂ വിഭാഗത്തിലേക്ക് നോട്ട് ഫയൽ കൈമാറി രേഖപ്പെടുത്തൽ വരുത്തിയ ശേഷം കക്ഷികൾ ഹാജരാക്കിയ പ്ലാനുമായി പൊരുത്തമുണ്ടോയെന്ന പരിശോധന നടത്തേണ്ടതാണ്. ഇപ്രകാരമുള്ള പരിശോധന മേൽ ഫയലിൽ നടത്തിയതായി കാണുന്നില്ല. പ്ലോട്ട് പരിശോധിച്ച് നിലവിലുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണം ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും റവന്യൂ വിഭാഗത്തിൽ അസസ് ചെയ്ത തറവിസ്തീർണം ആയതുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

B) BA- 876/11-12 ഫയൽ പ്രകാരം 488/1, 489/2, 490/1 സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട സ്ഥലത്ത് 1987.92 ച.മീ. (Ground Floor 730.03 $M^2$ + First Floor – 583.97 $M^2$ + Second Floor - 583.97 $M^2$ + Third Floor – 89.95 $M^2$- Total – 1987.92 $M^2$) വിസ്തീർണമുള്ള വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടത്തിന് (കെട്ടിട നം. XXIV/207(B) പുതിയ നമ്പർ XV/21 A- വാർഷിക വസ്തുനികുതി - 32834/- 2013-14 I-ാം അർദ്ധ വർഷം മുതൽ പ്രാബല്യം, 34390/- 2019-20 II -ാം അർദ്ധ വർഷം മുതൽ പ്രാബല്യം) 31.05.2013 ന് ഒക്യുപൻസി നല്കിയതായി ഫയലിലുണ്ട്. ടി കെട്ടിടത്തിന്റെ ടെറസ് ഫ്ലോറിനോട് ചേർന്ന് അനധികൃത നിർമ്മാണം നടത്തിയ 499.50 ച.മീ. ഭാഗത്തിന് യു.എ. നമ്പർ (XXIV/UA/207(2)) നല്കി 2015-16 II അർദ്ധ വർഷം മുതൽ യു.എ. ടാക്സ് ഈടാക്കിയിരുന്നു. കൂടാതെ 490/1 സർവ്വേ നമ്പരിൽ അനധികൃതമായി പുതുതായി നിർമ്മിച്ച താഴെ പറയുന്ന കെട്ടിടങ്ങൾ 'നിലം' എന്ന കാരണത്താൽ അനധികൃത കെട്ടിടങ്ങളായി കണക്കാക്കി യു.എ. ടാക്സ് ചുമത്തിയിട്ടുണ്ട്. [BA-103/16-17 ഫയൽ]

കെട്ടിടം തറവിസ്തീർണം

XXIV/UA/207(1) - 1183.36 $M^2$

XXIV/UA/207(3) - 293 $M^2$ (Canteen)

വിശദാംശങ്ങൾ 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖ. 2-2 ൽ ചേർത്തിട്ടുണ്ട്.

ഓറ എഡിഫൈ ഗ്ലോബൽ സ്കൂൾ ഓപ്പറേറ്ററുടെ 14.6.19 ലെ അപേക്ഷ പ്രകാരം യു.എ. നമ്പർ (XXIV/UA/207(2)) കെട്ടിടത്തിന്റെ ട്രസ്സ് വർക്ക് ഒഴികെയുള്ള അനധികൃത നിർമ്മാണം പൊളിച്ചുകളഞ്ഞതായി അറിയിച്ചിട്ടുണ്ട്. ബഹു. നഗരകാര്യ ഡയറക്ടറുടെ 27.06.2019 തീയതിയിലെ ജി1-14009/19 നം. സർക്കുലർ പ്രകാരം 29.07.2019 ൽ നഗരസഭയിൽ വെച്ച് നടന്ന അദാലത്തിൽ ടി ഫയൽ പരിഗണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ യു.എ. നടപടികൾ അവസാനിപ്പിക്കാൻ 16.12.2019 ൽ സെക്രട്ടറി ഉത്തരവ് നൽകുകയും ചെയ്തു. ടി ഏരിയ റഗുലറൈസ് ചെയ്തതിന്റെ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

C) കൂടാതെ XXIV/207(B) നം. കെട്ടിടത്തിന്റെ 2016-17 II മുതൽ 2019-20 I വരെയുള്ള വസ്തുനികുതി അടച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

32834 X 3 = 98502/- (2016-17 II മുതൽ 2018-19 II വരെ- 3 വർഷം)

34390 /2 = 17195 (2019-20 I അർദ്ധ വർഷം)

ആകെ 115697 + 5785(L.C,) = 121482/-

വസ്തുനികുതി അടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

D) BA-103/16-17 ഫയൽ പ്രകാരം പുല്ലൂറ്റ് വില്ലേജ് ഓഫീസർ നല്കിയ സർട്ടിഫിക്കറ്റ് പ്രകാരം ടി സ്ഥലത്തിൽ 490/1 സർവ്വെയിൽ ഉൾപ്പെട്ട 1.82 ആർ ഒഴികെയുള്ള 79.09 ആർ സ്ഥലവും നിലം ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (സർട്ടിഫിക്കറ്റ് നം. 19446581/19.7.16- ബി.ടി.ആർ പ്രകാരം). ടി കെട്ടിടങ്ങൾ 2008 ലെ നെൽവയൽ – തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. ടി സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലത്ത് നിർമിച്ച XXIV/207(B) കെട്ടിടത്തിന്റെ ടെറസ് ഫ്ലോറിനോട് ചേർന്ന് അനധികൃത നിർമ്മാണം നടത്തിയ 499.50 ച.മീ. ഭാഗത്തിന് മാത്രമാണ് അനധികൃത നമ്പർ നൽകിയതും ടി ഭാഗം പൊളിച്ചു കളഞ്ഞപ്പോൾ പ്രസ്തുത കെട്ടിടം മേൽ പ്രകാരം ക്രമവത്കരിക്കുകയും ചെയ്തത്. നിലം നികത്ത് ഭൂമിയിലെ കെട്ടിടം ക്രമവൽകരിക്കാനിടയായതിന്റെ സാഹചര്യം അറിയിക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിൽ (നം. 68/01.02.2022) 31.05.2013 ന് 1987.92 ച.മീ. വിസ്തീർണമുള്ള കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ്/ഒക്യുപൻസി അനുവദിച്ചപ്പോൾ ഭൂമിയുടെ തരം രേഖപ്പെടുത്തിയ പൊസഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നില്ലെന്നും ടി കാലയളവിൽ ആധാരത്തിലെ ഭൂമിയുടെ തരമാണ് അടിസ്ഥാനപ്പെടുത്താറുമെന്നാണ് മറുപടി നല്കിയത്. ടി മറുപടി തൃപ്തികരമല്ല. 2008 ലെ ലെ നെൽവയൽ – തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിരുദ്ധമായി പരിവർത്തനപ്പെടുത്തിയ നെൽവയലിലോ ഭൂമിയിലോ സ്വഭാവ വ്യത്യാസം വരുത്തിയ ഭൂമിയിലോ എന്തെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ നടത്താൻ തദ്ദേശ സ്ഥാപനം യാതൊരു ലൈസൻസും നൽകാൻ പാടുള്ളതല്ല. പ്രസ്തുത ഭൂമി നിലം നികത്തായതിനാൽ യു..എ. നമ്പർ (XXIV/UA/207(2)) നം കെട്ടിടം ക്രമവത്കരിച്ച നഗരസഭയുടെ നടപടി ക്രമപ്രകാരമുള്ളതല്ല. നിയമലംഘനം നിലനിൽക്കുന്നിടത്തോളം കാലം ടി കെട്ടിടത്തെ അനധികൃത കെട്ടിടമായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 68/01.02.2022)

## 1-39 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം - 152/20

അടങ്കൽ - 525000

ചെലവ് - 525000

2019-20 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 525000/- രൂപ എസ് എൽ ബി യ്ക്ക് മേൽ നം ബിൽ പ്രകാരം നൽകിയിട്ടുണ്ട്. (ബിൽ നം. 33 മുതൽ 43 വരെ തീയതി 7-3-20, 12-3-20)

പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്നവർ അതത് തീയതി മുതൽ കാലിത്തീറ്റ വാങ്ങുന്നതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തിയ്യതി |
|---|---|---|
| 1 | സുഹറ കരിയാത്തുള്ളി | 27-8-20 മുതൽ |
| 2 | ശ്രീലത ലൂയീസ് | 27-8-20 മുതൽ |
| 3 | വിജയലക്ഷ്മി | 23-11-20 ന് മാത്രം |
| 4 | ഷൈല ഹരിദാസ് | 27-8-20 മുതൽ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 40/28.1.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ പങ്കാളിയായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കിതുക സർക്കാരിലേയ്ക്ക് അടവാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-40 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 361511 രൂപ തടസ്സപ്പെടുത്തുന്നു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതി ഫയലുകളിൽ ചെലവിനെ സാധൂകരിക്കുന്നതിന് അവശ്യം സൂക്ഷിക്കേണ്ടുന്ന രേഖകൾ ഉൾചേർത്തിരുന്നില്ല. വിശദാംശം റിമാർക്സിൽ ചേർക്കുന്നു. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക 361511 രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ. നം | പ്രൊജക്ട് നം. / ചെലവു തുക/വൗച്ചർ നം തീയതി | റിമാർക്സ് |
|---|---|---|
| 1. | 266/ 20 ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ 53837/ 21901578 /23.1.20 | കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ പ്രൊഫോർമ ഇൻവോയ്സ് [TVM/ITBG/PI/RC/9901/19-20 /15.10 .19] പ്രകാരം 53837 രൂപ മുൻകൂറായി കൈമാറി. കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്. ഒറിജിനൽ കാഷ്ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് പതിച്ച് വേണം സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഉപകരണത്തിന്റെ വിശദാംശം ചേർക്കേണ്ടത്. ഒറിജിനൽ ഇൻവോയ്സിന്റെ അഭാവത്തിൽ പ്രൊഫോർമ പ്രകാരമുള്ള മുഴുവൻ ഇനങ്ങളും ലഭ്യമായോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ ടി രേഖ സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള [നം. 26 / 25.1.2022] മറുപടിയോടൊപ്പം സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇൻ വോയ്സ് നം. തീയതി ഇനം, എണ്ണം തുടങ്ങിയ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. |
| 2. | 283/20 സിഡി എസുകളിലേക്ക് | കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ പ്രൊഫോർമ ഇൻവോയ്സ് [TVM/ITBG/PI/RC/9900/19-20/ |

| | | |
|---|---|---|
| | [മേത്തല , കൊടുങ്ങല്ലൂർ] കമ്പ്യൂട്ടറുകളും പ്രിന്ററുകളും ചെയറുകളും<br>107674/ 21902300 /23.1.20 | 15.10.2019<br>പ്രകാരം 107674 രൂപ മുൻകൂറായി കൈമാറി. കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്. ഒറിജിനൽ കാഷ്ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് പതിച്ച വേണം സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഉപകരണത്തിന്റെ വിശദാംശം ചേർക്കേണ്ടത്.<br>ഒറിജിനൽ ഇൻവോയ്സിന്റെ അഭാവത്തിൽ പ്രൊഫോർമ പ്രകാരമുള്ള മുഴവൻ ഇനങ്ങളും ലഭ്യമായോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ ടി രേഖ സൂക്ഷിച്ചിരുന്നില്ല.ഓഡിറ്റ് എൻക്വയറിക്കുള്ള [നം.26 / 25.1.2022] മറുപടി യോടൊപ്പം സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇൻ വോയ്സ് നം. തിയതി ഇനം, എണ്ണം തുടങ്ങിയ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. |
| 3. | 274/20<br>ജില്ലാ വയോജന വിഭവ കേന്ദ്രത്തിനായുള്ള കെട്ടിട നിർമ്മാണം<br>100000/ 21901110 /19.8.19 | ജില്ലാ പഞ്ചായത്തിനു കൈമാറിയ തുകയുടെ ഔദ്യോഗിക കൈപ്പറ്റ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 4. | 406/20<br>ശുഭാപ്തി ഡിസെബിലിറ്റി റിസോഴ്സ് സെന്റർ വിഹിതം കൈമാറൽ<br>100000/21900822 /17.4.19 | ജില്ലാ പഞ്ചായത്തിനു കൈമാറിയ തുകയുടെ ഔദ്യോഗിക കൈപ്പറ്റ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| | ആകെ ചെലവു തുക - 361511 രൂപ | |

ഓഡിറ്റ് അന്വേഷണം [നം. 26 / 25.1.2022]

## 1-41 ലോഗ് ബുക്ക് - വാഹന പരിപാലനം - അപാകതകൾ

I) ഇന്ധനക്ഷമത സാക്ഷ്യപത്രം സൂക്ഷിക്കുന്നില്ല

കേരള മുൻസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 2000 ലെ ചട്ടം 8 പ്രകാരം ഇന്ധനക്ഷമത സർട്ടിഫിക്കറ്റ് ഒരു വാഹനത്തെ സംബന്ധിച്ച് നിർബന്ധിതവും നിർണ്ണായകവുമാണ്. അവസാനമായി ഇന്ധനക്ഷമത പരിശോധന നടത്തിയ തീയതിക്കു ശേഷം ഒരു വർഷത്തിനകമോ അല്ലെങ്കിൽ വാഹനത്തിന്റെ എൻജിന് കാര്യമായ അറ്റകുറ്റപണികൾ നടത്തിയ ഉടനെയോ ഇന്ധനക്ഷമത പരിശോധന നടത്തേണ്ടതാണ്. എന്നാൽ നഗരസഭ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനങ്ങൾക്ക് 2019 –20 വർഷ ഇന്ധന ക്ഷമത –പരിശോധന നടത്തിയതായി കാണുന്നില്ല. കൂടാതെ മാസാന്ത്യസംക്ഷിപ്തം എഴുതി നിർവഹണ അധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

II) യാത്രാവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

KL-47B-8969- മുനിസിപ്പൽ സെക്രട്ടറി (ആരോഗ്യവിഭാഗം - ടാക്കർ) വാഹനത്തിന്റെ ലോഗ്ബുക്കിൽ മാലിന്യശേഖരണം നടത്തുന്നതിനായി പോയിരിക്കുന്ന സ്ഥലവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇൻഡന്റ് ഉപയോഗിച്ച് വാഹനത്തിൽ ഇന്ധനം നിറക്കുന്നതിന്റെ വിവരവും മാസാന്ത്യസംക്ഷിപ്ത രേഖപ്പെടുത്തലുകളോ നടത്തിയിട്ടില്ല.

III) ഇന്ധനം –ചെലവ് വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല

KL-47H-6109 – മുനിസിപ്പൽ സെക്രട്ടറി (ആരോഗ്യവിഭാഗം) - വാഹനത്തിന്റെ ലോഗ് ബുക്ക് പ്രകാരം ജനുവരി 2020 ന് രണ്ട് തവണകളായി വാഹനത്തിൽ ഡീസൽ നിറച്ചിട്ടുണ്ട്.

1. 14.1.20 –30 ലിറ്റർ (ഇൻഡെന്റ് –426)
2. 23.1.20 – 30 ലിറ്റർ (ഇൻഡെന്റ് –427)

എന്നാൽ ജനുവരി 2020 ന് 23.1.20–30 ലിറ്റർ ഡീസൽ നിറച്ചതിന്റെ (ഇൻഡെന്റ് –427) തുകയായ 2153/- മാത്രമാണ് ബില്ല് പ്രകാരം എസ്.വി. രാജഗോപാലപ്രഭു ആൻഡ് ബ്രദേഴ്സിന് കൈമാറിയിട്ടുള്ളൂ. ലോഗ് ബുക്കിൽ രേഖപ്പെടുത്തിയത് പ്രകാരം 14.1.20 ന് 30 ലിറ്റർ ഡീസൽ നിറക്കുന്നത് ഏത് തരത്തിലുള്ള പേയ്മെന്റ് മുഖേന ആണെന്നത് വ്യക്തമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം. 55/തീ. 31.01.2022)

## 1-42 കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 290748 രൂപ തടസ്സപ്പെടുത്തുന്നു

തനത് ഫണ്ടിൽ നിന്ന് കെഎസ്ഇബിയിൽ {അസി. എഞ്ചിനീയർ കെ., എസ് ഇ.ബി കൊടുങ്ങല്ലൂർ} വിവിധ ആവശ്യങ്ങൾക്ക് ട്രാൻസ്ഫോമർ, ഇലക്ട്രിക് പോസ്റ്റ് മാറ്റിവെയ്ക്കൽ, സ്ഥാപിക്കൽ സ്ട്രീറ്റ് ലൈറ്റ് വലിക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ചെക്ക് നം./തീയതി | തുക | റിമാർക്സ് |
|---|---|---|
| 111/5/19/494486 /24.5.19 | 68714 | PW3-2526/19 വാർഡ് 22 |
| 112/5/19/494487 /24.5.19 | 8679 | PW3-2724/19 വാർഡ് 22 |
| 163/5/19/494488 /24.5.19 | 42084 | PW3-9013/19 വാർഡ് 37 |
| 28/6/19/494514 /3.6.19 | 11476 | PW3-12013/19 വാർഡ് 27 |
| 86/7/19/511491 /16.7.19 | 18270 | PW3-13617/19 കോട്ടപ്പുറം മാർക്കറ്റ് സ്ട്രീറ്റ് ലൈൻ |
| 59/8/19/4618863 /16.8.19 | 83020 | PW3-22955/18 വാർഡ് 9 |

| | | |
|---|---|---|
| 26/12/19/530728 /4.12.19 | 5467 | PW3-20093/19 വാർഡ് 4 |
| 83/1/20/539972 /15.1.20 | 6183 | PW3-26732/19 വാർഡ് 26 |
| 106/1/20/539987 /31.1.20 | 18200 | PW3-13627/19 വാർഡ് 12 ഫെയ്സ് ലൈൻ വലിക്കുന്ന പ്രവൃത്തി |
| 135/2/20/549895 /24.2.20 | 22128 | PW3-2822/20 വാർഡ് 10 |
| 52/3/20/549934 /7.3.20 | 6527 | PW3-26090/19 വാർഡ് 30 |
| | 290748 | |

ഡെപ്പോസിറ്റ് ചെയ്ത തുകകൾക്ക് കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ കെ.എസ്.ഇ.ബിയിൽ നിന്ന് ലഭിച്ചിട്ടില്ലെന്നും, ആയത് ലഭിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് 1.2.22 ന് കത്ത് നൽകിയതായും ഓഡിറ്റ് എൻക്വയറിക്ക് (നം. 44/ 29.01.22) മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതു വരെ ആകെ ചെലവു തുക 2,90,748/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-43 കെൽട്രോണിൽ നിന്നും ഇൻവോയ്സ് ഹാജരാക്കുന്നതുവരെ 3,35,797/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, ഗവൺമെന്റ് ഹൈസ്കൂൾ
പ്രൊജക്ട് നം. 172/ 20
സർക്കാർ സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ LP/ UP
ഫണ്ട് –മെയിന്റനൻസ് ഗ്രാന്റ് – (റോഡിതരം) - 350000
ചെലവ് – 335797
വൗച്ചർ നം. 21902295 17.01.2020

01.01.2020 ലെ കെൽട്രോൺ IT Business Group ന്റെ TV M/ ITBG/ PI /RC 13203 2019 -20 പ്രൊഫോർമ ഇൻവോയ്സ് പ്രകാരമാണ് തുക കൈമാറിയിരിക്കുന്നത്. ഡെസ്ക്ടോപ്പ് ഒന്നിന് 30,527/- രൂപ പ്രകാരം 11 എണ്ണത്തിന് 3,35,797/- രൂപ 1/20 ന് തുക കൈമാറി കമ്പ്യൂട്ടർ ലഭ്യമാകുന്നത് 1/21 ലാണ്. സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയ തീയതി: 11.1.2021. കെൽട്രോൺ കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്ത ഒറിജിനൽ ടാക്സ് ഇൻ വോയ്സ് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 5/17.1.22 ന് നൽകിയ മറുപടിയിൽ ടാക്സ് ഇൻ വോയ്സ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. ആയത് ലഭ്യമാക്കുന്നതുവരെ ചെലവു തുക 3,35,797/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 പ്രൊജക്ട് ഫയലുകൾ, അനുബന്ധ ചെലവ് രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- ചെലവ് തുക 8,52,900/- രൂപ തടസ്സപ്പെടുത്തുന്നു

പ്രിൻസിപ്പാൾ PBMGSS നിർവ്വഹണം നടത്തിയ പ്രൊജക്ട് ഫയലുകൾ, അനുബന്ധ ചെലവ് രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര് | ചെലവു പത്രിക പ്രകാരം ചെലവ് | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|
| 1. | 379 /20 (So) വിദ്യാർത്ഥികൾക്കായി ഫുട്ബാൾ, ക്രിക്കറ്റ് ....Etc കോച്ചിംഗ് ക്യാമ്പ്, ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുക | 50,000 | 21900819/17-4-19 |
| 2. | 394 /20 (So) | 79,030 | 21900751/17-4-19 |

| | | | |
|---|---|---|---|
| | സർക്കാർ സ്കൂളുകളിൽ ഫാൻ മൈക്ക് സെറ്റ് സ്ഥാപിച്ചു നൽകൽ | | |
| 3. | 412 /20 (So) നാടകക്യാമ്പുകൾ ചിത്രരചന, സർഗ്ഗോത്സവങ്ങൾ തുടങ്ങിയവ വിദ്യാലയത്തിന് അകത്തും പുറത്തും നടത്തുക | 2,13,144 | 21900817/17-4-19 /159000 21901128/31-8-19 /54144 |
| 4. | 436 /20 (So) ഗവ.സ്കൂളിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ | 1,90,780 | 21901217/17-4-19 |
| 5. | 464 /20 (So) കലാകായിക പരിശീലനം കളിയുപകരണങ്ങൾ വാങ്ങി നൽകൽ | 2,19,946 | 21900816/17-4-19 |
| | ആകെ ചെലവു തുക | 7,52,900 | |

706/20 ഹയർസെക്കണ്ടറി ഹൈസ്കൂളുകൾക്ക് തെരഞ്ഞെടുത്ത കുട്ടികൾക്ക് കലാപരിശീലന പരിപാടികൾ എന്ന പുതിയ പ്രൊജക്ട് പ്രകാരം രാരംഗ് തിയ്യറ്റർ ഫോർ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിന് കുട്ടികളുടെ തിയ്യേറ്റർ പരിശീലന കളരി നടത്തിയതിന് തുക കൈമാറി.

ചെലവുതുക : വൗച്ചർ നമ്പർ - 21902351/21.3.20- 37165

വൗച്ചർ നമ്പർ - 21902360/21.3.20- 39085

വൗച്ചർ നമ്പർ - 21902358/21.3.20- 23750

------------------------

1,00,000

ഹാജരാക്കിയ പ്രൊജക്ട് ഫയൽ പൂർണ്ണമല്ല. തുകയുടെ കൈപ്പറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പരിപാടി സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട്, ചെലവു സ്റ്റേറ്റ്മെന്റ് വൗച്ചറുകൾ, രശീതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഫയലുകൾ/രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ആകെ ചെലവു തുക 8,52,900/- രൂപ [100000+752900] തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 39/28.1.22

## 1-45 അഡ്വാൻസ് അനുവദിക്കൽ, ക്രമീകരണം - അപാകതകൾ

നഗരസഭയിൽ സൂക്ഷിക്കുന്ന അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നൽകുന്ന അഡ്വാൻസുകൾ 3 മാസത്തിനകം ക്രമീകരിക്കണമെന്ന നിബന്ധന കർശനമായി പാലിക്കുന്നില്ല. തുക ക്രമീകരിക്കുമ്പോൾ തന്നെ വൗച്ചർ ആക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് തീയതി/വൗച്ചർ നം. തിയതി/ വിശദാംശം | അനുവദിച്ച തുക | അഡ്ജസ്റ്റ്മെന്റ് വിശദാംശം | ക്രമീകരിച്ച വൗച്ചർ നം. തിയതി |
|---|---|---|---|
| 30.4.19 പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് 2 വിചിത്ര വി. എന്നവർക്ക് 3000 Ltr വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിലേക്ക് 36600 രൂപ | 36000 | പ്രവൃത്തി പൂർത്തീകരിച്ച് ബാക്കി തുക 8136 രൂപ പ്രകാരം തിരിച്ചടച്ചു. | Vr.No.169/2-20 /29.2.20 |

| | | | |
|---|---|---|---|
| അഡ്വാൻസ് നൽകി. | | | |
| | | | |

2. അഡ്വാൻസ് നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

| വൗച്ചർ നമ്പർ/ തീയതി | മുൻകൂർ കൈപ്പറ്റിയ വ്യക്തിയുടെ പേര് | തുക |
|---|---|---|
| 79/1/2020 Dt.14.1.2020 KL-47 F 6608 ബോലെറോ ജീപ്പിന്റെ മൈലേജ് ടെസ്റ്റ് നടത്തുന്നതിന്. ഫയൽ നം. PW3 - 15122/16 | വിചിത്ര വി. പബ്ലിക് വർക്ക്സ് ഓവർസിയർ ഗ്രേഡ്2 | 2000 |
| | | |

3.4/19 ൽ അഡ്വാൻസ് അനുവദിച്ച തുക 1000 രൂപ ഉപയോഗപ്പെടുത്താതെ 2 / 20 ന് തിരിച്ചടവാക്കി.

| വൗച്ചർ നമ്പർ/ തീയതി | മുൻകൂർ കൈപ്പറ്റിയ വ്യക്തിയുടെ പേര്; വിശദാംശം | തുക അഡ്ജസ്റ്റ്മെന്റ് വിശദാംശം |
|---|---|---|
| 13/4-19 /2.4.19 | ധന്യ എം.ബി. പബ്ലിക് വർക്ക്സ് ഓവർസിയർ ഗ്രേഡ്2 വനിതാ വിശ്രമ കേന്ദ്രത്തിലേക്ക് ഇല. കണക്ഷൻ എടുക്കാൻ. | അനുവദിച്ച ആവശ്യത്തിന് ഉപയോഗപ്പെടുത്താതെ കൈവശം വെച്ച് 2/20 ന് തിരിച്ചടച്ചു. Rt.No. 19010117292/27.2.20 ക്രമീകരിച്ചത് 8/20 ലാണ് വൗച്ചർ ആക്കിയത്. |
| | | |

കെ.എഫ് സി വാല്യം 1 ആർട്ടിക്കിൾ 99, ജി.ഒ [പി] നം. 419/11 ഫിൻ തീയതി 4.10.2011 ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്ന മാസത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ച പിടിക്കേണ്ടതും ഇങ്ങനെ തിരിച്ച പിടിക്കുമ്പോൾ തുക പിൻവലിച്ച തീയതി മുതൽ തിരിച്ച പിടിച്ച ദിവസം വരെ 18% നിരക്കിൽ പിഴ പലിശ ഈടാക്കേണ്ടതുമാണ്.
ഉത്തരവു വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കേണ്ടതും മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി [74/2.2.22] ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-46 പരസ്യ നികുതി - ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല

പരസ്യ ചെലവിനത്തിൽ ദേശാഭിമാനി, ജനയുഗം എന്നീ ദിനപത്രങ്ങൾക്ക് വേണ്ടി നൽകിയ ബില്ലുകളിൻമേൽ സർക്കാർ ഉത്തരവ് (ആർ.ടി.) 1/2021/IPRD/ തീ. 04.1.11. പ്രകാരം നിർദ്ദേശിച്ച രീതിയിൽ 15% ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം. തി. | തുക | ചെക്ക് നം. തി |
|---|---|---|---|---|
| 1 | മലയാള മനോരമ | TCR/2019/0578/27.06.19 | 10550/- | 511385/23.09.19 |
| 2 | മാധ്യമം | 111762/30.05.19 | 4410/- | 511387/24.09.19 |
| 3 | മാധ്യമം | 111869/29.06.19 | 3493/- | 511387/24.09.19 |
| 4 | ദേശാഭിമാനി | TCR/2019/0817/22.07.19 | 7728 | 511388/24.09.19 |
| 5 | ദേശാഭിമാനി | TCR/2019/0729/12.07.19 | 9660 | 511415/09.10.19 |
| 6 | ദേശാഭിമാനി | TCR/2019/0477/16.06.19 | 7728 | 511415/09.10.19 |
| 7 | മാധ്യമം | 112080/21.09.19 | 3493/- | 530658/31.10.19 |
| 8 | ദേശാഭിമാനി | TCR/2019/0580/27.06.19 | 13524/- | 549944/10.03.20 |
| 9 | മാധ്യമം | 112451/11.03.20 | 4410/- | 576708/09.06.20 |

| | | | | |
|---|---|---|---|---|
| 10 | മാധ്യമം | 112398/12.02.20 | 6174/- | 576708/09.06.20 |
| 11 | കേരളകൗമുദി | BLTSR00044309/25.02.20 | 1260/- | 576709/09.06.20 |
| 12 | കേരളകൗമുദി | TSRCH043280/14.02.20 | 1260/- | 576709/09.06.20 |
| 13 | ദേശാഭിമാനി | TCR/2020/3236/25.02.20 | 11592/- | 576710/09.06.20 |
| 14 | ദേശാഭിമാനി | TCR/2020/3450/13.03.20 | 5796/- | 576710/09.06.20 |
| 15 | ദേശാഭിമാനി | TCR/20/2673/02.01.20 | 7728 | 574159/12.05.20 |
| 16 | മാധ്യമം | 112272/24.12.19 | 3528/- | 574160/12.05.20 |
| 17 | ദേശാഭിമാനി | TCR/20/3331/04.03.20 | 11040 | 576686/29.05.20 |
| 18 | കേരളകൗമുദി | ഇൻവോയ്സ് ലഭ്യമല്ല. | 2100/- | 576874/24.09.20 |

പരസ്യ നികുതിയിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-47 തെങ്ങിന് ജൈവവളം - സബ്സിഡി അധികം നൽകി

പ്രോജക്റ്റ് നം. 123/20

നിർവ്വഹണോദ്യോഗസ്ഥൻ – കൃഷി ഫീൽഡ് ഓഫീസർ

ഫണ്ട് – വികസന ഫണ്ട് (ജനറൽ)
വകയിരുത്തിയ തുക – 16,58,150/-
- 11,08,752/- (പദ്ധതി വിഹിതം ജനറൽ)
–5,49,398/- (ഗുണഭോക്തൃ വിഹിതം)
ബിൽ നം. തീ. തുക - 30/06.03.20 - 49840/-

സ.ഉ.(കൈ) നം. 22/18/ത.സ്വ.ഭ.വ. തീ. 14.02.18. ഖ. 6.1(1) പ്രകാരം പൊതുവിഭാഗത്തിന് അർഹമായ സബ്സിഡി (ജൈവവളം) 75% ആണ്. എന്നാൽ ഇതിന് വിരുദ്ധമായി മേൽ പ്രോജക്റ്റ് പ്രകാരം ജൈവവളത്തിന് സബ്സിഡിയിനത്തിൽ ബാലൻ. സി. എൻ., ചെമ്മാലിൽ ഹൗസ്, മേത്തല എന്ന ഗുണഭോക്താവിന് 5600/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഇൻവോയ്സ് പ്രകാരം (167/20.02.20, Methala Scb) 5775/- രൂപയുടെ വളമാണ് വാങ്ങിയിട്ടുള്ളത്. ആയത് പ്രകാരം നൽകാവുന്ന സബ്സിഡി 4331/- രൂപയാണ്. സബ്സിഡിയിനത്തിൽ 1269/- രൂപ അധികം നൽകിയിട്ടുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ്. അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റ് എൻക്വയറി – 25/25.01.22 പ്രകാരം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-48 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല

എസ്.സി.ഡി.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഫയൽ, രജിസ്റ്റർ എന്നിവ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താവ്/ വിദ്യാർത്ഥിയുടെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തിയതി | റിമാർക്സ് |
|---|---|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, S0443/20 | ശിവരാമൻ.എം.കെ/ ലക്ഷ്മി | 50000/- | 15.03.2019 | പൂർത്തീകരണ സർട്ടിഫിക്കറ്റ് ഇല്ല. |

ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/24.01.2022) രണ്ടാം ഗഡു നൽകുന്നതിന് വാല്യുവേഷൻ സർട്ടിഫിക്കറ്റിനായി മുനിസിപ്പൽ എ.ഇ.യ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-49 സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. HRA -2% നഗരസഭയിൽ അടവാക്കിയിട്ടില്ല

ജി.ഒ.(പി) നം. 07/16/fin. Dt. 20.01.16 പ്രകാരം ക്വാർട്ടേഴ്സ് ഉപയോഗിക്കുന്ന ജീവനക്കാർക്ക് HRA ലഭിക്കുന്നതിന് അർഹതയില്ല. മാത്രമല്ല 35700-75600 സ്കെയിലിന് മുകളിൽ ശമ്പളം കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ

അടിസ്ഥാനശമ്പളത്തിന്റെ 2% നഗരസഭയിൽ അടവാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

സെക്രട്ടറി ശമ്പളയിനത്തിൽ കൈപ്പറ്റിയ തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം 2019 ആഗസ്റ്റ് മുതലുള്ള സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. സെക്രട്ടറി കൈപ്പറ്റിയ ശമ്പളത്തിനാനുപാതികമായ തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-50 തൊഴിൽരഹിത വേതനം - അക്വിറ്റൻസ് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല

തൊഴിൽരഹിത വേതനം ഇനത്തിൽ മേത്തല സോണൽ ഓഫീസ് മുഖേന വിതരണം ചെയ്ത തുകയുടെ അക്വിറ്റൻസ് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | നൽകിയ തുക | റിമാർക്സ് | ബിൽ നം. തീ. |
|---|---|---|---|
| 1 | 16320/- | 1-ാം ഗഡു | 40/04.09.19<br>തുക -53880/- |
| 2 | 15840/- | 2-ാം ഗഡു | 19230347000601601110/25.06.20<br>തുക -96000/- |

അക്വിറ്റൻസ് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാത്തതിനാൽ വിതരണം ചെയ്തതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മേലിൽ അക്വിറ്റൻസ് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-51 കുഴിച്ചെടുത്ത മണ്ണ് പൂർണമായി ഫില്ലിങിന് ഉപയോഗിക്കാതെ പുറമെ നിന്ന് മണ്ണ് കൊണ്ടുവന്ന് ഫിൽ ചെയ്തത് മൂലം നഷ്ടം 8099 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ
വട്ടപ്പറമ്പിൽ അഷറഫ് എന്ന വ്യക്തിയുടെ വീടിന്റെ പരിസരത്ത് കാനയും സംരക്ഷണഭിത്തിയും നിർമിക്കൽ എന്ന പ്രൊജക്റ്റിലാണ് (പ്രൊജക്റ്റ് നം. 468/20, ഫയൽ നം. PW1-4142/18) മേൽപറഞ്ഞ അപാകതയുണ്ടായിട്ടുള്ളത്.

പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനി. എഞ്ചിനീയർ (അസി. എഞ്ചിനീയർ) |
|---|---|
| അടങ്കൽ, ഫണ്ട് | 810000, സി.എഫ്.സി |
| കരാറുകാരൻ | സി. വി. ഷാൻ |
| കരാർ | 140/17-18/26/3/18 |
| അളവുപുസ്തകം | 63/18-19 |
| ബിൽ നമ്പർ, തുക | 80/4/6/19, 646252 |

ഈ പ്രവൃത്തിയുടെ ഇനം ഒന്ന് പ്രകാരം മൊത്തം 53.77 M3 മണ്ണ് കുഴിച്ചെടുത്തത് അളവുപുസ്തകത്തിൽ പേജ് 1, 6, 25 എന്നിവിടങ്ങളിലായി രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 1.6 എന്നിയിൽ രേഖപ്പെടുത്തിയ കുഴിച്ചെടുത്ത മണ്ണ് പ്രവൃത്തിയുടെ എക്സ്ട്രാ ഇനം അഞ്ച് ആയ മണ്ണ് ഫില്ലിങിനായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പേജ് 25 ൽ രേഖപ്പെടുത്തിയ 23.76 M3 മണ്ണ് ഫില്ലിങിനായി ഉപയോഗിക്കുകയോ മറ്റെന്തെങ്കിലും പ്രവൃത്തിക്കായി ഉപയോഗിച്ചുവെന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഇത് കാരണം പുറമെ നിന്ന് 26.1364 M3 മണ്ണ് കൊണ്ട് വന്നതിന് 340.85/m3 പ്രകാരം 8098.60 രൂപ, അതായത് 8099 രൂപ കരാറുകാരന് അധികം നല്കേണ്ടിവന്നു. ഇപ്രകാരം അധികം നല്കിയ തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ മുനിസിപ്പൽ എൻജിനീയറിൽ നിന്നോ ഈടാക്കി സഞ്ചിതനിധിയിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ – 50/29.01.22) ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്ന് ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-52 തിരുവഞ്ചിക്കുളം വാരിയം പറമ്പ് റോഡിൽ പുതിയ ഡ്രൈനേജ് നിർമാണം- അപാകതകൾ

കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യാൻ യഥാസമയം നടപടി സ്വീകരിച്ചില്ല, ഒരു മഴക്കാലത്തിന് ശേഷം സ്ലാബുകളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ ഉപയോഗിച്ച എന്നതിന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകളില്ല.

തിരുവഞ്ചിക്കുളം വാരിയം പറമ്പ് റോഡിൽ പുതിയ ഡ്രൈനേജ് നിർമാണം എന്ന പ്രൊജക്റ്റിലാണ് (പ്രൊജക്റ്റ് നം. 393/20, ഫയൽ നം. PW1-11298/18) മേൽപറഞ്ഞ അപാകത ഉണ്ടായത്. പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| | |
|---|---|
| കരാറുകാരൻ | രഞ്ജിത്ത്. ടി. |
| കരാർ | 25/18-19/16/11/18 |
| അളവുപുസ്തകം | 197/18-19 |
| കുഴിച്ചെടുത്ത മണ്ണ് | 159.17m3 |
| ബിൽ നം, തുക | 70/4/6/19, 431477 |

` മേൽ സൂചിപ്പിച്ച മണ്ണിൽ 150 M3 മണ്ണ് ലേലം ചെയ്യാവുന്നതാണ് എന്ന് രേഖപ്പെടുത്തി 7/2/19 ന് നോട്ട് ഫയൽ സമർപ്പിച്ചിട്ടുണ്ട്. സെക്രട്ടറി മുഖേന ഫയൽ സമർപ്പിക്കാൻ അസി. എൻജിനീയർ നിർദേശിച്ചിരുന്നതുമാണ്. പക്ഷെ അതിന്മേൽ പിന്നീട് തുടർ നടപടി സ്വീകരിക്കാതെ ഒരു കാലവർഷം പിന്നിട്ടശേഷം 29/10/19 ന് കൊടുങ്ങല്ലൂർ ടൗൺ എൽ.പി.സ്കൂൾ, തിരുവള്ളൂർ എൽ.പി. സ്കൂൾ എന്നിവിടങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ മുൻകൂർ അനുമതിക്കായി ചെയർമാന്റെ മുൻപാകെ സമർപ്പിച്ചെങ്കിലും തുടർ നടപടി വിവരങ്ങൾ ഫയലിൽ ലഭ്യമായിട്ടില്ല.

സ്കൂൾ ഗ്രൗണ്ടുകളിൽ മണ്ണ് നിരത്തിയതിന് യാതൊരു രേഖയുമില്ലാത്തത് നടപടിക്രമങ്ങൾ സുതാര്യമല്ല എന്നാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല കുഴിച്ചെടുത്ത മണ്ണിന്റെ വലിയൊരു ഭാഗം തന്നെ ആ വർഷത്തിലുണ്ടായ അതിവർഷത്തിൽ ഒലിച്ചുപോകാനും സാദ്ധ്യതയുള്ളതാണ്. നടപടിക്രമങ്ങൾ സുതാര്യമല്ല എന്നാണ് മേൽ സൂചിപ്പിച്ച അപാകതകൾ വ്യക്തമാക്കുന്നത്.

26/26/7/21 ലെ ഭരണസമിതി തീരുമാനത്തിൽ 14ാം വാർഡിലെ രായിനാട് കെ.എസ്.ഇ.ബി റോഡ് നിർമാണപ്രവൃത്തിയുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത 86.07 M3 മണ്ണ് ലേലം ചെയ്തപ്പോൾ 15500 രൂപയ്ക്ക് ലേലം കൊണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു M3 ന് 180.09 രൂപ ലഭിച്ചിട്ടുണ്ട്. സർവെ റിപ്പോർട്ട് പ്രകാരം 9683 രൂപ വിലയുള്ള മണ്ണിനാണ് ഇത്രയധികം തുക ലഭിച്ചത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി മണ്ണ് സ്കൂൾ ഗ്രൗണ്ടുകളിൽ നിരത്തിയിട്ടുണ്ട് എന്നാണ്. എന്നാൽ ബന്ധപ്പെട്ട ഫയലിലോ, അളവുപുസ്തകത്തിലോ ഇത് സംബന്ധമായ രേഖപ്പെടുത്തലുകൾ ഇല്ല. അതിനാൽ ലഭിച്ച മറുപടി തൃപ്തികരമെന്ന് പറയുക സാധ്യമല്ല.

## 1-53 ശാസ്താംപറമ്പ് അമ്പലം തെക്ക് കാന നീട്ടൽ അപാകതകൾ

പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 474/20 |
| ഫയൽ നമ്പർ | PW1-11817/17 |
| അടങ്കൽ തുക, ഫണ്ട് | 10,65,000, റോഡ് സംരക്ഷണ ഗ്രാന്റ് |
| കരാറുകാരൻ | പി. എസ്. സജീവൻ |
| കരാർ | 119/17-18/21/3/18 |
| അളവുപുസ്തകം | 178/18-19 |
| ബിൽ നം, തുക | 78/4/6/19 |

അപാകതകൾ

1. കുഴിച്ചെടുത്ത മണ്ണ് ഫിൽ ചെയ്യുവാനായി അടങ്കലിൽ ഇനം വകയിരുത്തിയിട്ടില്ല.

2. ഈ പ്രവൃത്തിയുടെ ഇനം ഒന്ന് പ്രകാരം കുഴിച്ചെടുത്ത 58.65 M3 മണ്ണ് കാനയുടെ ബാക്ക് ഫില്ലിങിനായി ഉപയോഗിച്ചു എന്ന് അളവുപുസ്തകം പേജ് ഒന്നിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. കുഴിച്ചെടുത്ത മണ്ണ് ഇപ്രകാരം ചെയ്താൽ മഴക്കാലത്ത് കുത്തിയൊലിച്ച് വീണ്ടും കാനയിൽ തന്നെ എത്തിച്ചേരുന്നതാണ്. ആയതിനാൽ തന്നെ ഇപ്രകാരം ചെയ്തതുകൊണ്ട് യാതൊരുവിധ പ്രയോജനവും ഇല്ലാത്തതാണ് എന്നുള്ള 50/29.01.22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കാനയ്ക്കു മുകളിൽ കവറിങ് സ്ലാബ് ഇട്ട് ഉയരം കൂട്ടിയപ്പോൾ താഴ്ന്ന ഭാഗങ്ങളിൽ ഫില്ലിങ് നടത്തി എന്നാണ്. ഇക്കാര്യത്തിൽ ഓഡിറ്റിന് നിർദ്ദേശിക്കാനുള്ള കാര്യം മണ്ണ് കുഴിച്ചെടുക്കുമ്പോൾ തന്നെ അത് ഭാവിയിൽ എപ്രകാരം വിനിയോഗിക്കും എന്നുള്ള കാര്യം അളവുപുസ്തകത്തിൽ രേഖപ്പെടുത്തുക എന്നതാണ്. കാനയുടെ പണി പൂർത്തീകരിക്കുന്നതിനു മുമ്പേ തന്നെ മണ്ണ് എപ്രകാരം വിനിയോഗിച്ചു എന്നും അളവു പുസ്തകത്തിൽ രേഖപ്പെടുത്താമായിരുന്നു.

## 1-54 എക്സസ് കോസ്റ്റ് ഓഫ് ബിറ്റുമിൻ തുക അനുവദിച്ചത്-പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ ഹാജരാക്കിയിട്ടില്ല:- 11,59,466/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ കൊടുക്കുന്ന ബിൽ സാങ്ഷൻ നമ്പറുകൾ പ്രകാരം എക്സസ് കോസ്റ്റ് ഓഫ് ബിറ്റുമിൻ തുക അമനവദിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ ഓഡിറ്റ് എൻക്വയറി നമ്പർ 7/20/1/22, 73/2/2/22 എന്നിവ പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം, അടങ്കൽ ഫണ്ട് | ബിൽ സാങ്ഷൻ നം | തുക |
|---|---|---|
| 455/20,752611 രൂപ, റോഡ് സംരക്ഷണഗ്രാന്റ് | 455/2/2/20 | 1,36,880 |
| „ | 831/27/3/20 | 2,71,830 |
| „ | 357/11/1/20 | 53,789 |
| 601/20 റോഡ് സംരക്ഷണഗ്രാന്റ് | 834/27/3/20 | 1,99,728 |
| „ | 832/27/3/20 | 4,97,239 |
| ആകെ | | 11,59,466 രൂപ |

പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ ലഭ്യമാക്കാത്തതിനാൽ 11,59,466/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-55 ആറുകണ്ടം എസ്.സി. കോളനി ചിറകെട്ടി വെള്ളക്കെട്ടിൽ നിന്നും സംരക്ഷിക്കൽ- കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 540/20 |
| അടങ്കൽ | 12,44,000/- സംരക്ഷണഗ്രാന്റ്-റോഡ് |
| കരാറുകാരൻ | സി.ആർ. രാഹുൽ |
| കരാർ | 97/18-19/5/3/19 |
| ബിൽ നം, തുക | 9,94,686/- രൂപ |

ഈ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത 43.99 M3 മണ്ണ് എന്ത് ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 60/1/2/22 നമ്പർ ആയി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ ടി മണ്ണ് സംഭരിച്ച് വെച്ചിട്ടുള്ളതായും ലേലം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം ലേലം ചെയ്ത് തുക നഗരസഭാഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-56 സാധനസാമഗ്രികളുടെ ഗുണനിലവാരപരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

2012 ലെ കേരള പി.ഡബ്ള്യു.ഡി മാന്വൽ ഖണ്ഡിക 2214, GO(Rt)1339/15/PWD/10/9/15, നമ്പർ ഉത്തരവ് പ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, സർക്കുലർ നമ്പർ 10434/C3/14/PWD/10/9/15 എന്നിവ അനുസരിച്ച് പതിനഞ്ച് ലക്ഷത്തിന് മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇരുപത്തഞ്ച് ലക്ഷം രൂപ അടങ്കലുള്ള ദളവാകുളം സൗന്ദര്യവൽക്കരണം എന്ന പ്രവൃത്തിയിൽ ഇനം 9 പ്രകാരം 9,68,486.40 രൂപയുടെ സ്റ്റെയിൻലെസ്സ് സ്റ്റീൽ റെയിലിങ്, എക്സ്ട്രാ ഇനം 1 പ്രകാരം 4,90,318.40 രൂപയുടെ വെർട്ടിഫൈഡ് ടൈൽ വിരിക്കലും ചെയ്തിട്ടുണ്ട്. പക്ഷെ ഈ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് കരാറുകാരൻ ഹാജരാക്കിയിട്ടില്ല. സ്റ്റെയിൻലെസ് സ്റ്റീൽ ഗ്രേഡ് 304 പ്രകാരവും വെർട്ടിഫൈഡ് ടൈൽ IS:15622 പ്രകാരവുമുള്ള ഗുണനിലവാരം പുലർത്തണമെന്ന് എസ്റ്റിമേറ്റിൽ വിവരിക്കുന്നുണ്ട്. (എക്സ്ട്രാ ഇനം പ്രവൃത്തിയുടെ അളവെടുത്തത് 20/8/19 നാണ്.)

പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 458/20 |
| കരാറുകാരൻ | എം. എസ്. ശിവദാസൻ |
| കരാർ | 127/17-18/22/3/18 |

| | |
|---|---|
| അളവുപുസ്തകം | 87/18-19,52/19-20 |
| ബിൽ നമ്പർ, തുക | 51//4/6/19, 4,62,066/- രൂപ<br>156/17/12/19, 9,98,223/- രൂപ<br>207/17/3/20,<br>6,89,869/- രൂപ |
| പ്രവൃത്തി പൂർത്തീകരിച്ചത് | 20/11/19 |

മറ്റ് അപാകത-റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചത് ആധികാരികമായിട്ടല്ല.

2012 ലെ കെ പി.ഡബ്ളിയു.ഡി. മാന്വൽ ഖണ്ഡിക 1601.1.6 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ച ശേഷമോ, പ്രവൃത്തിയിൽ വളരെയേറെ പുരോഗതി കൈവരിച്ച ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുവാൻ പാടില്ല എന്ന് നിർദേശിക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (കൈ) 17/18/ത.സ്വ.ഭ.വ./ തിരുവനന്തപുരം 2/2/18 മാർഗരേഖയിലെ 3.8.2 (Vi) ഖണ്ഡിക അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ച ശേഷമോ, നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായ ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ല എന്നും നിർദേശിക്കുന്നുണ്ട്.

എന്നാൽ ഈ പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കായി നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് 13/11/19 ലെ PW1-1069/18 നമ്പർ കത്ത് പ്രകാരമാണ്. എന്നാൽ അതിന് മുമ്പേ തന്നെ 2210970 രൂപ പ്രവൃത്തിമൂല്യമുള്ള പ്രൊജക്റ്റിന്റെ ഇനം 9, 10 എന്നിവ ഒഴികെ 2138000 രൂപയുടെ പ്രവൃത്തികളും ചെയ്ത് കഴിഞ്ഞിരുന്നു. 19/1/20 ലെ TS.2447773/as Per No. 74822/17-18 പ്രകാരമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്, അതായത് പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രം. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സംഗതിയിൽ ആയതിന് സാങ്കേതിക അനുമതി ലഭിച്ച ശേഷം മാത്രമേ പ്രവൃത്തി പുനരാരംഭിക്കാവൂ എന്നിരിക്കെ പ്രവൃത്തി പൂർത്തീകരിച്ച്, ചെക്ക് മെഷർമെന്റ് നൽകിയ ശേഷം (30/11/19) സാങ്കേതിക അനുമതി നൽകിയത് ആധികാരികമായ നടപടിയല്ല.

സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെയും ആധികാരികമല്ലാതെ സാങ്കേതിക അനുമതി നൽകിയതിനും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ 58/31/1/22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ചെയ്ത പ്രവൃത്തിക്ക് ഇപ്പോഴും യാതൊരു അപാകതയും ഉണ്ടായിട്ടില്ല എന്നും പ്രവൃത്തി നടത്തിപ്പിൽ കാലതാമസം നേരിടാതിരിക്കാൻ വേണ്ടിയാണ് സാങ്കേതിക അനുമതി ലഭ്യമാക്കുവാൻ താമസിച്ചത് എന്നുള്ള വിശദീകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഉപയോഗിച്ചിട്ടുള്ള സാധനസാമഗ്രികളുടെ ഗുണനിലവാരം രണ്ടോ മൂന്നോ വർഷം കൊണ്ട് നിർണയിക്കുവാൻ കഴിയില്ല എന്നതിനാൽ ഈ മറുപടി തൃപ്തികരമെന്ന് പറയുവാൻ കഴിയുകയില്ല. മാത്രമല്ല പദ്ധതി നിർവഹണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ വെർട്ടിഫൈഡ് ടൈൽ ഉപയോഗിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കാമായിരുന്നു.

## 1-57 ഗവ. ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ

താഴെ പറയുന്ന പ്രൊജക്ടുകൾക്ക് മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയിസുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മരുന്നുകളുടെ മാനുഫാക്ച്ചറിങ്ങ് തീയതി ഇൻവോയിസ് തീയതിക്ക് ശേഷം വരുന്ന രീതിയിലാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തൃശ്ശൂരിൽ നിന്നും നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിനെ തുടർന്ന് ഔഷധി, ദ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ്, കുട്ടനല്ലൂരിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയിരിക്കുന്നത്.

പ്രൊജക്ട് നം. – 3
പ്രൊജക്ടിന്റെ പേര് – പുല്ലറ്റ് ഗവൺമെന്റ് ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ
അടങ്കൽ – 10,00,000 (വികസനഫണ്ട് – പൊതുവിഭാഗം സാധാരണവിഹിതം)
ചെലവ് – 10,00,000
ബിൽ നം. തീയതി - 1. 33/19-20 5,00,000/- 25.9.19
2. 51/19-20 5,00,000/- 7.1.20

| ക്രമ നം. | ബാച്ച് നമ്പർ | ഇൻവോയ്സ് നം. | ഇൻവോയ്സ് തീയതി | ഇൻവോയ്സ് ക്രമ നം. | മരുന്നിന്റെ പേര് | മാനുഫാക്ച്ചറിങ്ങ് തീയതി | എക്സ്പയറിംഗ് തീയതി | മരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിരിക്കുന്ന തീയതി |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | C11940 | 90154766 | 29.2. 2020 | 3 | അവിപത്തി ചൂർണ്ണം | 3/20 | 2/22 | 14.3.20 |
| 2 | T131978 | 90154766 | 29.2. 2020 | 10 | കർപ്പസ സ്ത്യാതി തൈലം | 3/20 | 2/23 | 14.3.20 |
| 3 | T341918 | 90154766 | 29.2. 2020 | 11 | പിപ്പല്യാദി അനുവസന തൈലം | 3/20 | 2/23 | 14.3.20 |
| 4 | T341918 | 90154766 | 29.2. 2020 | 12 | പിപ്പല്യാദി അനുവസന തൈലം | 3/20 | 2/23 | 14.3.20 |
| 5 | H141933 | 90154766 | 29.2. 2020 | 16 | ദശമൂല രസായനം | 3/20 | 2/23 | 14.3.20 |
| 6 | T1419140 | 90132507 | 29.09. 2019 | 1 | കൊട്ടൻ ചുക്കാദി തൈലം | 10/19 | 9/22 | 27.10.19 |
| 7 | T1419139 | 90132507 | 29.09. 2019 | 2 | കൊട്ടൻചുക്കാദി തൈലം | 10/19 | 9/22 | 27.10.19 |
| 8 | T421962 | 90132507 | 29.09. 2019 | 3 | മുറിവെണ്ണ | 10/19 | 9/22 | 27.10.19 |
| 9 | A20194 | 90132507 | 29.09. 2019 | 6 | പുനർനവാസവം | 10/19 | 9/29 | 27.10.19 |
| 10 | A20194 | 90132507 | 29.09. 2019 | 7 | പുനർനവാസവം | 10/19 | 9/29 | 27.10.19 |
| 11 | P591914 | 90132507 | 29.09. 2019 | 11 | യോഗരാജഗുൽഗുലു ഗുളിക | 10/19 | 9/22 | 27.10.19 |
| 12 | P591914 | 90132507 | 29.09. 2019 | 12 | യോഗരാജഗുൽഗുലു ഗുളിക | 10/19 | 9/22 | 27.10.19 |
| 13 | PT101915 | 90132507 | 29.09. 2019 | 17 | ഔഷധി ബ്ലിസ് ബാം | 10/19 | 9/22 | 27.10.19 |
| 14 | PT07197 | 90132507 | 29.09. 2019 | 18 | മുറിവെണ്ണ ഓയിന്മെന്റ് | 10/19 | 9/22 | 27.10.19 |

പ്രൊജക്ട് നം. – 4

പ്രൊജക്ടിന്റെ പേര് – തിരുവല്ലൂർ NRHM ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ

അടങ്കൽ – 5,00,000 (വികസനഫണ്ട് – പൊതുവിഭാഗം സാധാരണവിഹിതം)

ചെലവ് – 5,00,000

ബിൽ നം. തീയതി - 34/19-20 5,00,000/- 25.9.19

| ക്രമ നം. | ബാച്ച് നമ്പർ | ഇൻവോയ്സ് നം. | ഇൻവോയ്സ് തീയതി | ഇൻവോയ്സ് ക്രമ നം. | മരുന്നിന്റെ പേര് | മാനുഫാക്ചറിങ്ങ് തീയതി | എക്സ്പയറിംഗ് തീയതി | മരുന്ന് സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിരിക്കുന്ന തീയതി |
|---|---|---|---|---|---|---|---|---|
| 1 | PT081968 | 90158017 | 24.3. 2020 | 5 | പ്രമേഹ ഔഷധി | 4/20 | 3/22 | 4.4.20 |
| 2 | C39204 | 90185352 | 29.10. 2020 | 1 | ത്രിവാദ് ചൂർണ്ണം | 11/20 | 10/22 | 14.12.20 |
| 3 | C11939 | 90154723 | 29.2. 2020 | 3 | അവിപത്തി ചൂർണ്ണം | 3/20 | 2/22 | 13.3.20 |
| 4 | C191922 | 90154723 | 29.2. 2020 | 5 | ഗൃഹധൂമാദി ലേപചൂർണ്ണം | 3/20 | 2/22 | 13.3.20 |
| 5 | T531995 | 90154723 | 29.2. 2020 | 9 | സാഹചരാദി തൈലം | 3/20 | 2/23 | 13.3.20 |
| 6 | H311986 | 90154723 | 29.09. 2019 | 16 | ഹരിദ്രകാന്തം | 3/20 | 2/23 | 13.3.20 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | A71918 | 90150546 | 31.01.2020 | 4 | കനകാസവം | 2/20 | 1/29 | 07.02.20 |

മേൽപ്രകാരം ഇൻവോയ്സ് തീയതിക്ക് ശേഷമുള്ള തീയതി മാനുഫാക്ചറിങ്ങ് തീയതിയായി രേഖപ്പെടുത്തിയ മരുന്നുകൾ ലഭ്യമാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-58 സ്വകാര്യവ്യക്തിയുടെ സ്ഥലം നഗരസഭ ആസ്തിയായി ഏറ്റെടുക്കാൻ തീരുമാനിക്കും മുൻപു തന്നെ അവിടെ കാന സംരക്ഷണഭിത്തി എന്നിവ നിർമിക്കുന്ന പണി ആവിഷ്കരിച്ച് നടപ്പിലാക്കി

ഭരണസമിതിയുടെ 6(1)/9/5/19 നമ്പർ തീരുമാനപ്രകാരം വട്ടപ്പറമ്പിൽ അഷറഫിന്റെ വീടിന്റെ പരിസരത്തുള്ള റോഡ് സൈഡിൽ കാന പണിയാൻ വിട്ടുതന്നിട്ടുള്ള സ്ഥലം എറ്റെടുക്കുവാനും ടി സ്ഥലത്ത് കാന പണിയുവാനും നിശ്ചയിച്ചതാണ്. എന്നാൽ ഇപ്രകാമുള്ള തീരുമാനം ഏറ്റെടുക്കുന്നതിന് മുൻപു തന്നെ പ്രൊജക്റ്റ് നമ്പർ 468/20 (ഫയൽ നമ്പർ PW1-4142/18) പ്രകാരം പ്രവൃത്തി ആവിഷ്കരിച്ച് നടപ്പിലാക്കിയതായി പരിശോധനയിൽ കണ്ടു.

പ്രൊജക്റ്റ് ഫോറം പ്രകാരം ഭരണസമിതിയുടെ 23/21/3/18 നമ്പർ തീരുമാനമാണ് ഭരണാനുമതി. എന്നാൽ പ്രവൃത്തി സംബന്ധിച്ച നോട്ട് ഫയൽ 6/2/18 ന് തുടങ്ങിയിരുന്നു.16/4/18 ന് തുടങ്ങിയ പ്രവൃത്തി 19/3/19 ന് പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ, ഫണ്ട് | 810000, സി.എഫ്.സി |
| കരാറുകാരൻ | സി. വി. ഷാൻ |
| കരാർ | 140/17-18/26/3/18 |
| അളവുപുസ്തകം | 63/18-19 |
| ബിൽ നമ്പർ, തുക | 80/4/6/19, 6,46,252 |

സ്വകാര്യ വ്യക്തി സ്ഥലം വിട്ടുതന്നത് സംബന്ധിച്ച ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോം, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് തുടർനടപടിക്കായി അയച്ചത്, പുറമ്പോക്ക് ഭൂമിയായി പ്രഖ്യാപിച്ചതിന്റെയും നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെയും വിവരം, PW3-5375/19 എന്നിവ നം ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കേണ്ടതും സ്വകാര്യവ്യക്തിയുടെ ആസ്തിയിൽ സി.എഫ്.സി. ഫണ്ട് ഉപയോഗിച്ച് കാന പണിതതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-59 മുനിസിപ്പൽ എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

നഗരസഭയിലെ മുനിസിപ്പൽ എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ നിബന്ധനകൾ പ്രകാരമല്ല നഗരസഭയിൽ കരാർ ചമച്ചിട്ടുള്ളത്.

കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് കരാർ ചമച്ചിട്ടുള്ളത്.

2. കരാർ രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണവിവരം, കരാർ ദീർഘിപ്പിക്കൽ, അനുപൂരകകരാർ സുരക്ഷിതനിക്ഷേപം പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. അളവുപുസ്തകങ്ങൾ സൂക്ഷ്മപരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ ബിൽ പാസ്സാക്കിയതായി രേഖപ്പെടുത്തുകയോ, നിർവഹണോദ്യോഗസ്ഥൻ അളവുപുസ്തകത്തിൽ മെമ്മോറാൻഡം ഓഫ് പേമെന്റ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

4. ട്രഷറി ബിൽ ബുക്കിൽ പ്രവൃത്തിയുടെ പേര് രേഖപ്പെടുത്തുന്നില്ല.

5. നോട്ട് ഫയലുകൾ എഴുതി പൂർണമാക്കിയിട്ടില്ല. ഉദാഹരണമായി പ്രൊജക്റ്റ് നമ്പർ 600/20 മേത്തല, ലോകമലേശ്വരം ഭാഗങ്ങളിലെ അങ്കണവാടികളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച പ്രവൃത്തിയിൽ വർക്ക് ഓർഡർ പുറപ്പെടുവിക്കുന്ന വിവരം വരെ മാത്രമേ എഴുതി സൂക്ഷിച്ചിട്ടുള്ളൂ. കരാറുകാരന് തുക നൽകിയതിന്റെ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

6. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചതിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. മേൽപറഞ്ഞ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം മാത്രമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ നിബന്ധനയനുസരിച്ച് പ്രവൃത്തി വളരെധികം പുരോഗമിച്ച ശേഷമോ, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമോ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടുള്ളതല്ല. മുൻകൂട്ടി കാണാൻ കഴിയാത്ത സംഗതികളിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയ ശേഷമേ പ്രവൃത്തി പുനരാരംഭിക്കുവാൻ പാടുള്ളൂ.

7. പ്രവൃത്തിഫയലുകളോടൊപ്പം മോണിറ്ററിങ് റിപ്പോർട്ട് ഉള്ളടക്കം ചെയ്ത് സൂക്ഷിച്ചിട്ടില്ല.

മേൽപറഞ്ഞ അപാകതകൾ സംഭവിക്കാനുണ്ടായതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതെ ഭാവിയിൽ കുറ്റമറ്റ രീതിയിൽ പ്രവൃത്തിനിർവഹണം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-60 ഷീ ടോയ്‌ലറ്റ്

പ്രൊജക്ട് നം. 622/ 20

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

ഫണ്ട് – വികസന ഫണ്ട് അടങ്കൽ തുക : 8,50,000/-

ചെലവ് : 8,49,500/-

ഫയൽ നം. P-14364 - 17

നഗരസഭ ഓഫീസ് പരിസരത്ത് ഷീ ടോയ്‌ലറ്റ് സ്ഥാപിച്ചിട്ടുണ്ട്. Altersoft Innovations India Private Limited ന്റെ Tax Invoice No: INV-00002/26.3.19 പ്രകാരം 1 യൂണിറ്റ് ടോയ്‌ലറ്റിന് 8,49,500 രൂപ കൈമാറി. 5 വർഷത്തേക്ക് Operations & Maintanence തുക 3,79,100 അടക്കമാണ് മേൽ തുക. കരാർ നം. 3/7-8/24.3.18. കരാർ വ്യവസ്ഥ ഖണ്ഡിക 30 പ്രകാരം ഷീ ടോയ്‌ലറ്റിന്റെ 5 വർഷത്തേക്കുള്ള പരിപാലനം ഉറപ്പു വരുത്തേണ്ടതാണ്.

വാങ്ങൽ നടത്തിയ കമ്പനിയിൽ നിന്നും GST, TDS എന്നിവ ഈടാക്കി കാണുന്നില്ല. ജി എസ് ടി നിയമം 2017, വകുപ്പ് 51 പ്രകാരം 2,50,000 രൂപയിൽ അധികം അധീകരിക്കുന്ന സപ്ലൈയുടെ കരാർ പ്രകാരം തുക നല്കുമ്പോൾ 2% (1% SGST + 1% CGST) ജി എസ് ടി കുറവ് ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 83/2.2.2022 നുള്ള മറുപടിയിൽ TDS ഈടാക്കുന്നതിന് കമ്പനിക്ക് അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 അനധികൃത കെട്ടിടം ക്രമവത്കരണം - യു.എ. ടാക്സ് ഈടാക്കിയതിൽ കുറവ് വന്ന തുക 10,35,508/- രൂപ ഈടാക്കേണ്ടതാണ്

ഫയൽ നം. BA-347/12-13, R1- BA-347/12-13

മേൽ ഫയലുകൾ പ്രകാരം ക്രാഫ്റ്റ് ഹോസ്പിറ്റൽ എന്നവരുടെ ഉടമസ്ഥതയിലുള്ള അനധികൃത കെട്ടിടം 2019-20 വർഷത്തിൽ ക്രമവത്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നഗരസഭാപരിധിയിൽ ലോകമലേശ്വരം വില്ലേജിൽ വാർഡ് 8 ൽ (പുതിയ വാർഡ് 3) 124/4, 125/4,5,11, 225/6, 226/1,2,3,4, 227/2,3,4,5, 228/6 സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട സ്ഥലത്ത് ഡോ.മുഹമ്മദ് അഷ്റഫ്, ക്രാഫ്റ്റ് ഹോസ്പിറ്റൽ എന്നവരുടെ ഉടമസ്ഥതയിൽ, നഗരസഭയുടെ പെർമിറ്റ് ലഭിക്കുന്നതിന് മുമ്പ് സ്ട്രക്ചറൽ നിർമ്മാണം പൂർത്തിയാക്കിയ 10822.47 $M^2$ വിസ്തീർണമുള്ള ആശുപത്രി കെട്ടിടത്തിന് (B+G+ 7 Floor) മുനിസിപ്പൽ എഞ്ചിനീയറുടെ 22.03.2016 തീയതിയിലെ കുറിപ്പ് പ്രകാരവും സെക്രട്ടറിയുടെ 29.03.2016 ലെ നിർദ്ദേശപ്രകാരവും VIII/UA/77(6) (പുതിയ III/UA/413(2)) എന്ന് യു.എ. നമ്പർ നല്കിയിട്ടുണ്ട്.

യു.എ. ടാക്സിന്റെ വിശദാംശങ്ങൾ

| | |
|---|---|
| അടിസ്ഥാന വസ്തുനികുതി | - 10822.47 X 15= 162337/- |
| വർദ്ധനവ് | - 35% le 56818/- |
| ആകെ | - 219155/- |

യു.എ. ടാക്സ് - 3 X 219155/- = 657465/- (2016-17 I-ാം അർദ്ധ വർഷം മുതൽ പ്രാബല്യം)

16.01.2018 ലെ WP(C) 31227/ 17(C) നം. കോടതി ഉത്തരവ് പ്രകാരം ഒരാഴ്ചക്കുള്ളിൽ പ്രൊവിഷണൽ ബിൽഡിംഗ് പെർമിറ്റ് നൽകാൻ വിധി വന്നതിനെ തുടർന്ന് 22.01.2018ൽ 10232.17ച.മീ. ൽ Hospital Cum Residentail Building (B+G+7 Floors) BA-347/12-13 തീയതി 22.01.2018 പ്രകാരം പെർമിറ്റ് നൽകി. 25.10.2019 തീയതിയിൽ കെട്ടിട ഉടമയും എഞ്ചിനീയറും കംപ്ലീഷൻ റിപ്പോർട്ട് നല്കി. 16.10.2019 തീയതിയിൽ 9 നില കെട്ടിടത്തിന് ഫയർ & റെസ്ക്യൂ വിഭാഗത്തിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. 14.11.2019 ലെ നോട്ട് ഫയൽ പ്രകാരം FAR, Coverage, Parking എന്നിവ ചട്ടലംഘനം ഇല്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ KMBR പ്രകാരമുള്ള വിശദമായ ചെക്ക് ലിസ്റ്റ് ഫയലിലില്ല. പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റ് നൽകിയ പ്ലാനിന് മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ നിന്നും ലേ ഔട്ട്- പ്ലോട്ട് യൂസേജ് ഉത്തരവ് ലഭ്യമായതിന്റെ ഉത്തരവും ഫയലിലില്ല. ആയതിനാൽ ടി കെട്ടിടത്തിന് ആവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനായിട്ടില്ല.

കംപ്ലീഷൻ പ്രകാരം 9775.54 ച.മീ. വിസ്തീർണത്തിൽ പണി കഴിഞ്ഞിട്ടുള്ള (പെർമിറ്റ് നല്കിയതിനേക്കാൾ 456.63 ച.മീ. കുറവ്) കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കാമെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 16.11.19 ൽ ഒക്യുപൻസി നൽകി. ടി കെട്ടിടങ്ങൾക്ക് III/415 A മുതൽ 415 H വരെ നമ്പറുകളിട്ട് 2019-20 II-ാം അർദ്ധവർഷം മുതൽ നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് യു.എ. ടാക്സ് 2016-17 I-ാം അർദ്ധവർഷം മുതൽ 2017-18 II-ാം അർദ്ധവർഷം വരെ മാത്രമാണ് ഈടാക്കിയത്. [യു.എ. ടാക്സ് ഈടാക്കേണ്ട കാലയളവ് സംബന്ധിച്ച് 29.03.2016 മുതൽ 22.01.2018 (പ്രോവിഷണൽ ബിൽഡിംഗ് പെർമിറ്റ് നൽകിയ തീയതി) വരെയാണ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്]. ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ പട്ടിക- 1 ൽ ചേർത്തിട്ടുണ്ട്. കെട്ടിടം 2019-20 II-ാം അർദ്ധവർഷം മുതൽ ക്രമവത്കരിച്ചതിനാൽ 2019-20 I അർദ്ധവർഷം വരെയുള്ള അനധികൃത ടാക്സ് ഈടാക്കേണ്ടതായിരുന്നു. [പട്ടിക- 2]

കുടിശ്ശിക കണക്കാക്കിയതിന്റെ വിശദാംശങ്ങൾ (ഫയൽ പ്രകാരം)

പട്ടിക- 1

| അർദ്ധവർഷം | വസ്തുനികുതി |
|---|---|
| 2016-17 I & II | 6,57,465/- |
| 2017-18 I & II | 6,57,465/- |
| ആകെ വസ്തുനികുതി | 13,14,930/- |
| (-) അടവാക്കിയത് | 3,00,000/- |
| ബാക്കി അടവാക്കാനുള്ള വസ്തുനികുതി | 10,14,930/- |
| (+) ലൈബ്രറി സെസ് (5%) | 50,747/- |
| (+) പിഴ പലിശ | 4,20,782/- |
| ബാക്കി അടവാക്കാനുള്ള തുക | 14,86,459/- |

ടി തുക 17119010500137/ 28.02.2020 നമ്പർ രശീതി പ്രകാരം ഒടുക്കിയിട്ടുണ്ട്.

കുറവായി ഈടാക്കിയ അനധികൃത ടാക്സിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക – 2

| അർദ്ധവർഷം | വസ്തുനികുതി |
|---|---|
| 2018-19 I & II | 6,57,465/- |
| 2019-20 I | 3,28,733/- |
| ആകെ വസ്തുനികുതി | 9,86,198/- |
| (+) ലൈബ്രറി സെസ്(5%) | 49,310/- |
| ആകെ | 10,35,508/- |

(ഓഡിറ്റ് എൻക്വയറി നം. 59/31.01.2022)

ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സമയപരിമിതി മൂലമാണ് വിശദമായ ചെക്ക് ലിസ്റ്റ് സമർപ്പിക്കാത്തതെന്നും കുറവ് വന്ന തുക ഒടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വിഭാഗം സ്വീകരിക്കുന്നുണ്ടെന്നുമാണ് മറുപടി അറിയിച്ചത്. ടി തുക ഒടുക്കി വിവരമറിയിക്കേണ്ടതാണ്. കൂടാതെ കെട്ടിടത്തിന് ആവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തിയതിന്റെ വിശദാംശങ്ങളും അറിയിക്കേണ്ടതാണ്. ഭരണസമിതി, ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി എന്നിവയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു.

29.03.2016 ലെ ഓവർസിയറുടെ കുറിപ്പ് പ്രകാരം കെട്ടിടത്തിന് 10822.47 $M^2$ പ്ലിന്ത് വിസ്തീർണമാണുള്ളതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം 9775.54 ച.മീ. വിസ്തീർണത്തിലാണ് ഒക്യുപൻസി നൽകിയത്. സൈറ്റ് പരിശോധന നടത്തി പ്ലിന്ത് വിസ്തീർണത്തിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതും ആയതിനനുസരിച്ച് ടാക്സ് നിർണയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെങ്ങിന് ജൈവവളം - സബ്സിഡി ഇനത്തിൽ അധികം നൽകിയ തുക നിരാകരിക്കുന്നു

പ്രോജക്റ്റ് നം. 123/20

നിർവ്വഹണോദ്യോഗസ്ഥൻ – കൃഷി ഫീൽഡ് ഓഫീസർ

ഫണ്ട് – വികസന ഫണ്ട് (ജനറൽ)

വകയിരുത്തിയ തുക – 16,58,150/-

- 11,08,752/- (പദ്ധതി വിഹിതം ജനറൽ)

–5,49,398/- (ഗുണഭോക്തൃ വിഹിതം)

ബിൽ നം. തീ. തുക - 30/06.03.20 - 49,840/-

സ.ഉ.(കൈ) നം. 22/18/ത.സ്വ.ഭ.വ. തീ. 14.02.18. ഖ. 6.1(1) പ്രകാരം പൊതുവിഭാഗത്തിന് അർഹമായ സബ്സിഡി (ജൈവവളം) 75% ആണ്. എന്നാൽ ഇതിന് വിരുദ്ധമായി മേൽ പ്രോജക്റ്റ് പ്രകാരം ജൈവവളത്തിന് സബ്സിഡിയിനത്തിൽ ബാലൻ. സി. എൻ., ചെമ്മാലിൽ ഹൗസ്, മേത്തല എന്ന ഗുണഭോക്താവിന് 5600/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഇൻവോയ്സ് പ്രകാരം (167/20.02.20, Methala Scb) 5775/- രൂപയുടെ വളമാണ് വാങ്ങിയിട്ടുള്ളത്. ആയത് പ്രകാരം നൽകാവുന്ന സബ്സിഡി 4331/- രൂപയാണ്. സബ്സിഡിയിനത്തിൽ 1269/- രൂപ അധികം നൽകിയിട്ടുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ്. അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റ് എൻക്വയറി – 25/25.01.22 പ്രകാരം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 കുഴിച്ചെടുത്ത മണ്ണ് പൂർണമായി ഫില്ലിങിന് ഉപയോഗിക്കാതെ പുറമെ നിന്ന് മണ്ണ് കൊണ്ടുവന്ന് ഫിൽ ചെയ്തത് മൂലം നഷ്ടം 8099 രൂപ

വട്ടപ്പറമ്പിൽ അഷറഫ് എന്ന വ്യക്തിയുടെ വീടിന്റെ പരിസരത്ത് കാനയും സംരക്ഷണഭിത്തിയും നിർമിക്കൽ എന്ന പ്രൊജക്റ്റിലാണ് (പ്രൊജക്റ്റ് നം. 468/20, ഫയൽ നം. PW1-4142/18) മേൽപറഞ്ഞ അപാകതയുണ്ടായിട്ടുള്ളത്.

പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനി. എഞ്ചിനീയർ (അസി. എഞ്ചിനീയർ) |
| അടങ്കൽ, ഫണ്ട് | 8,10,000, സി.എഫ്.സി |
| കരാറുകാരൻ | സി. വി. ഷാൻ |
| കരാർ | 140/17-18/26/3/18 |
| അളവുപുസ്തകം | 63/18-19 |
| ബിൽ നമ്പർ, തുക | 80/4/6/19, 6,46,252/- |

ഈ പ്രവൃത്തിയുടെ ഇനം ഒന്ന് പ്രകാരം മൊത്തം 53.77 M3 മണ്ണ് കുഴിച്ചെടുത്തത് അളവുപുസ്തകത്തിൽ പേജ് 1, 6, 25 എന്നിവിടങ്ങളിലായി രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 1.6 എന്നിയിൽ രേഖപ്പെടുത്തിയ കുഴിച്ചെടുത്ത മണ്ണ് പ്രവൃത്തിയുടെ എക്സ്ട്രാ ഇനം അഞ്ച് ആയ മണ്ണ് ഫില്ലിങിനായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പേജ് 25 ൽ രേഖപ്പെടുത്തിയ 23.76 M3 മണ്ണ് ഫില്ലിങിനായി ഉപയോഗിക്കുകയോ മറ്റെന്തെങ്കിലും പ്രവൃത്തിക്കായി ഉപയോഗിച്ചുവെന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഇത് കാരണം പുറമെ നിന്ന് 26.1364 M3 മണ്ണ് കൊണ്ട് വന്നതിന് 340.85/m3 പ്രകാരം 8098.60 രൂപ, അതായത് 8099 രൂപ കരാറുകാരന് അധികം നല്കേണ്ടിവന്നു. ഇപ്രകാരം അധികം നല്കിയ തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ മുനിസിപ്പൽ എൻജിനീയറിൽ നിന്നോ ഈടാക്കി സഞ്ചിതനിധിയിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ – 50/29.01.22) ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്ന് ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറിബിൽ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | തീയതി | തുക | | തുക |
|---|---|---|---|---|---|
| KWA | (പ്രോജക്റ്റ് നം. 461) | | 2,12,750 | 2,12,750 | 0 |
| KSEB | (പ്രോജക്റ്റ് നം. 362) | | 7954 | 7954 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ | ലഭ്യമല്ല | 50,00,000 | 0 | 0 | 0 | 50,00,000 |
| ഭവന പദ്ധതി, HUDCO | ലഭ്യമല്ല | 11,60,00,000 | 2,20,00,000 | 1,14,80,000 | 0 | 12,65,20,000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഒടുക്കിയ ആളുടെ പേരുവിവരം | രസീത് നം., തീയതി | തുക |
|---|---|---|---|---|
| 2011-12 | 3-17 | ഷാലു.പി.പി, എം.ഇ | 01/119010111328 /07.12.2019 | 5834 പിഴപലിശ-5601 |
| 2011-12 | 3-17 | ഷാലു.പി.പി, എം.ഇ | 01/119010113726 /24.01.2020 | 1752 പിഴപലിശ-1585 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല.

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42,46,17,923/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43,44,96,017/- |
| വരവിനങ്ങളിലുള്ള നഷ്ടം | 10,35,508/- |
| ചെലവിനങ്ങളിലുള്ള നഷ്ടം, ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,368/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,00,422/- |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1 | 10,35,508/- | - | ശ്രീ.ടി.കെ.സുജിത്ത്, മുനിസിപ്പൽ സെക്രട്ടറി, |
| 3-1 | - | 1269/- | ശ്രീമതി.സൈറാബാനു, കൃഷി ഫീൽഡ് ഓഫീസർ |
| 3-2 | - | 8099/- | ശ്രീ.സി.എസ്.പ്രകാശൻ, മുനിസിപ്പൽ എഞ്ചിനീയർ |
| | 10,35,508/- | 9368/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-40 | 3,61,511 | ശ്രീമതി. മേരി. എൻ.ജി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-42 | 2,90,748 | ശ്രീ. ടി.കെ. സുജിത്ത്, മുനിസിപ്പൽ സെക്രട്ടറി |
| 1-43 | 3,35,797 | ശ്രീമതി. സീനത്ത്, ഹെഡ്-മിസ്ട്രസ്സ്, ജി.ജി.എച്ച്.എസ്.എസ്. |
| 1-44 | 8,52,900 | ശ്രീമതി. മോഹിനി പി.കെ പ്രിൻസിപ്പാൾ, പി.ബി.എം. ഗവ. ഹയർ സെക്കന്ററി സ്കൂൾ, [ബോയ്സ് ] ശൃംഗപുരം. |
| 1-54 | 11,59,466/- | ശ്രീ. സി.എസ്. പ്രകാശൻ, മുനിസിപ്പൽ എഞ്ചിനീയർ |
| | 30,00,422/- | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടോത്തരവാദികളുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | വിലാസം |
|---|---|
| ശ്രീ. ടി.കെ. സുജിത്ത്, സെക്രട്ടറി | S/o കൊച്ചു, തൈപ്പറമ്പിൽ ഹൗസ്, എസ്. എൽ. പുരം. പി.ഒ. ചേർത്തല - (എസ്.എൻ. കോളേജിനു സമീപം) കഞ്ഞിക്കുഴി |

| | |
|---|---|
| ശ്രീമതി. സൈറാബാനു, കൃഷി ഫീൽഡ് ഓഫീസർ | മുടവൻകാട്ടിൽ വീട്, അഷ്ടമിച്ചിറ |
| ശ്രീ. സി.എസ്. പ്രകാശൻ, മുനിസിപ്പൽ എഞ്ചിനീയർ | ചെന്ത്രാപ്പിള്ളി ഹൗസ്, കൊടുങ്ങല്ലൂർ -680664 |
| ശ്രീമതി. മോഹിനി. പി.കെ, പ്രിൻസിപ്പാൾ, പി.ബി.എം. ഗവ. ഹയർ സെക്കന്ററി സ്കൂൾ, [ബോയ്സ് ] ശൃംഗപുരം | കുറ്റിക്കാട്ടിൽ ഹൗസ്, പുത്തൻവേലിക്കര പി.ഒ പിൻ 693594 |
| ശ്രീമതി. സീനത്ത്, ഹെഡ് മിസ്ട്രസ്സ്, ജി.ജി.എച്ച്.എസ്.എസ്. | ചമ്പോത്തും പറമ്പിൽ വീട്, ക്രൈസ്റ്റ് കോളേജിനു സമീപം ഇരിങ്ങാലക്കുട |
| ശ്രീമതി. മേരി. എൻ.ജി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പുത്തേഴത്ത് വീട്, ഗോതുരുത്ത്, എറണാകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 ചെലവ് | എൽ.എഫ്. ടി 4-1036/97 തീയതി 06.03.08. |
| 97-98 ചെലവ് | എൽ.എഫ്. ടി 4-1284/99 തീയതി 15.02.99. |
| 98-99 ചെലവ് | എൽ.എഫ്. ടി 4-1133/01 തീയതി. 13.12.01/ 11.6.02. |
| 99-2000 ചെലവ് | എൽ.എഫ്. ടി 4-609/02 തീയതി 20.09.02. |
| 2000-01 ചെലവ് | എൽ.എഫ്. ടി 4-1468/04 തീയതി 14.12.04. |
| 2001-02 ചെലവ് | എൽ.എഫ്. ടി 4-1120/05 തീയതി 09.1.06./21.07.06. |
| 91-92 95-96 വരവ് ചെലവ് | എൽ.എഫ്. ടി 4-1092/09 തീയതി 23.04.10. |
| 96-97 വരവ് | എൽ.എഫ്. ടി 4-1086/09 തീയതി 18.05.10. |
| 97-98 വരവ് | എൽ.എഫ്. ടി 4-1087/09 തീയതി 18.05.10 |
| 98-99 വരവ് | എൽ.എഫ്. ടി 4-1088/09 തീയതി 18.05.10 |
| 99-2000 വരവ് | എൽ.എഫ്. ടി 4-1089/09 തീയതി 18.05.10 |
| 2000-01 വരവ് | എൽ.എഫ്. ടി 4-1090/09 തീയതി 18.05.10. |
| 2001-02 വരവ് | എൽ.എഫ്. ടി 4-1091/09 തീയതി 19.05.10. |
| 2002-03 വരവ് | എൽ.എഫ്. ടി 4-1095/09 തീയതി 05.06.10. |

| | |
|---|---|
| ചെലവ് | |
| 2003-04<br>വരവ്<br>ചെലവ് | എൽ.എഫ്.ടി4-1395/10<br>തീയതി 30.5.11/24.10.11 |
| 2004-05<br>വരവ്<br>ചെലവ് | എൽ.എഫ്. ടി 4-1396/10<br>തീയതി 27.10.11/7.1.12. |
| 2005-06<br>വരവ്<br>ചെലവ് | എൽ.എഫ്.ടി 4-1397/10<br>തീയതി 29.10.11/7.1.12 |
| 2006-07<br>വരവ്<br>ചെലവ് | എൽ.എഫ്. ടി 4-1398/10<br>തീയതി 28.10.11/21.03.12. |
| 2007-08<br>വരവ്<br>ചെലവ് | എൽ.എഫ്. ടി 4-1399/10<br>തീയതി 29.10.11/21.03.12. |
| 2008-09 | എൽ.എഫ്.ടി.എം.2608/11<br>തീയതി 24.2.12./31.5.12. |
| 2009-10 | എൽ.എഫ്. ടി .എം. 2609/11<br>തീയതി 7.4.12/2.7.12. |
| 2010-11 | എൽ.എഫ്.ടി.എം.36/12<br>തീയതി 17.4.12./5.7.12. |
| 2011-12 | എൽ.എഫ്. ടി.എം.2118/13<br>തീയതി 14.5.14./17.9.14. |
| 2012-13 | എൽ.എഫ്. ടി .എം. 1776/14<br>തീയതി 3.6.15. |
| 2013-14 | കെ.എസ്.എ ടി.എസ്.ആർ (എം) 1414/15<br>തീയതി.27.11.15/11.01.2016 |
| 2014-2015 | കെ.എസ്.എ ടി.എസ്.ആർ (എം) 1441/16<br>തീയതി.9.08.2016 |
| 2015-2016 | കെ.എസ്.എ ടി.എസ്.ആർ (എം)15 /17<br>തീയതി 31.1.17 |
| 2016-17 | കെ.എസ്.എ ടി.എസ്.ആർ (എം)1629 /17<br>തീയതി 25.11.17/22.12.17 |
| 2017-18 | കെ.എസ്.എ ടി.എസ്.ആർ (എം)845/19<br>തീയതി 17.7.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(എം)326/20<br>തീ.19.06.2020 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂര് മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്